# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 141**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്ത് പട്ടക്കാരും,*
*പള്ളിക്കൈക്കാരും, സഭാ പ്രതിനിധി മണ്ഡലാംഗങ്ങളും, ജനങ്ങളും*
*കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

ക്രിസ്താബ്ദം 2024 സെപ്റ്റംബർ മാസം 17, 18, 19, 20 (ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി) തീയതികളിൽ തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടന്ന പ്രതിനിധി മണ്ഡലയോഗത്തിൽ ചെയ്തവയും സഭാ ഭരണഘടന 107-ാം വകുപ്പിൻ പ്രകാരം എപ്പിസ്കോപ്പാമാരുടെ സംഘം 2024 സെപ്റ്റംബർ 23-ാം തീയതി കൂടി അംഗീകരിച്ചവയുമായ നിശ്ചയങ്ങളും തീരുമാനങ്ങളും ഏവരുടെയും അറിവിനായി താഴെ ചേർത്ത് ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. അംഗീകരിക്കപ്പെട്ട ഭരണഘടനാ ഭേദഗതികളും ഇതോടൊപ്പം അയയ്ക്കുന്നു. അവയിലെ താൽപര്യപ്രകാരം സഭയുടെയും ഇടവകകളുടെയും സ്ഥാപനങ്ങളുടെയും എല്ലാ കാര്യങ്ങളും നടത്തുകയും നടത്തിക്കുകയും ചെയ്യേണ്ടതാണെന്ന് ഈ കല്പന മൂലം അറിയിക്കുന്നു.

കൃപ നിങ്ങളോട് കൂടെ ഇരിക്കുമാറാകട്ടെ.

2024 ഒക്ടോബർ മാസം 19-ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ.**

**2024 സെപ്റ്റംബർ മാസം 17, 18, 19, 20 (ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി) തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ നടന്ന സഭാ പ്രതിനിധി മണ്ഡലയോഗ തീരുമാനങ്ങൾ**

1. സഭയുടെയും സ്ഥാപനങ്ങളുടെയും "2023-2024-ൽ ബഡ്ജറ്റില്ലാതെയും ബഡ്ജറ്റിൽ കവിഞ്ഞും ചെലവായ തുകകൾക്ക് അനുമതി നൽകുക," എന്ന പ്രമേയത്തിന് ചർച്ചകൾക്കു ശേഷം മണ്ഡലയോഗം അംഗീകാരം നൽകി.

2. അച്ചടിച്ച് പ്രസിദ്ധം ചെയ്തിരുന്ന 01-04-2023 മുതൽ 31-03-2024 വരെയുള്ള പ്രവർത്തന റിപ്പോർട്ട് അംഗീകരിക്കുകയും സഭ, വൈദിക സെമിനാരി, സഭാ ബുക്ക് ഡിപ്പോ, മലങ്കര സഭാ താരക, എം. റ്റി. & ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്, ജെ. എം. എം. സ്റ്റഡി സെന്റർ, റ്റി. എം. എ. എം. റിസേർച്ച് & ഓറിയന്റേഷൻ സെന്റർ, എം. റ്റി. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, സീഹോറ ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ്, ഹോസ്കോട്ട് /ശിവനാപുരം, ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ്സ് ട്രെയിനിംഗ് സെന്റർ, ജെ. എം. & എം. എ. മെമ്മോറിയൽ സെന്റർ ഫോർ ഹോളിസ്റ്റിക് ഡവലപ്പ്മെന്റ്, അയിരൂർ എന്നിവയുടെ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളും, ബാലൻസ് ഷീറ്റും ഏകകണ്ഠമായി സഭാ മണ്ഡലം പാസ്സാക്കുകയും ചെയ്തു.

3. "2024-25 ലെ സഭാ ബഡ്ജറ്റിൽ വയനാട് റീഹാബിലിറ്റേഷന് വേണ്ടി വരവ്: 3,00,00,000 രൂപായും ചെലവ്: 3,00,00,000 രൂപായും ഉൾപ്പെടുത്തുന്നതിന് സഭാ പ്രതിനിധി മണ്ഡലം തീരുമാനിക്കുന്നു," എന്ന പ്രമേയം സഭ സർവ്വസമ്മതമായി അംഗീകരിച്ചു.

4. 2024-2025 സാമ്പത്തിക വർഷത്തെ, സഭ, വൈദിക സെമിനാരി, സഭാ ബുക്ക് ഡിപ്പോ, മലങ്കര സഭാ താരക, എം. റ്റി. & ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്, ജെ. എം. എം. സ്റ്റഡി സെന്റർ, റ്റി. എം. എ. എം. റിസേർച്ച് & ഓറിയന്റേഷൻ സെന്റർ, എം. റ്റി. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, സീഹോറ ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ്, ശിവനാപുരം ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ്സ് ട്രെയിനിംഗ് സെന്റർ, ജെ. എം. & എം. എ. മെമ്മോറിയൽ സെന്റർ ഫോർ ഹോളിസ്റ്റിക് ഡവലപ്പ്മെന്റ്, അയിരൂർ എന്നിവയുടെ ബഡ്ജറ്റ് സഭാ മണ്ഡലം സർവ്വസമ്മതമായി പാസ്സാക്കി.

5. 2025-2026 -ലെ ആദ്യത്തെ ആറ് മാസം, 2024-2025-ൽ ചെലവാകുന്ന തുകയുടെ 6/12 -ൽ കവിയാതെയുള്ള തുക ചെലവാക്കുന്നതിന് സഭാ കൗൺസിലിന് അനുമതി നൽകുക എന്ന പ്രമേയത്തിന് മണ്ഡലയോഗം ഏകകണ്ഠമായി അനുമതി നൽകി.

6. 2024-2025 ലേക്ക് താഴെപ്പറയുന്ന കണക്കു പരിശോധകരെ നിയമിക്കുക എന്ന സഭാ കൗൺസിലിന്റെ പ്രമേയം ഏകാഭിപ്രായമായി മണ്ഡലയോഗം അംഗീകരിച്ചു.

1. M/s. Cheriyan & Cheriyan, Chartered Accountants, Miss East Road, Kottayam- 686001.
2. M/s. Reji John & Co., Chartered Accountants, Near Children's Library, Kottayam.
3. M/s. Kuruvilla & Co., Chartered Accountants, Pathanamthitta - 689645.
4. M/s. Thomas Mathew & Associates, Chartered Accountants, Power House Road, Tiruvalla - 689101.
5. M/s. Thomas Jacob & Co., Chartered Accountants, Malankara Building Complex, Palayam, Trivandrum.
6. M/s. K. C. Koshal & Co., Chartered Accountants, 1507, Wright Town, Jabalpur (M.P).
7. M/s. Jacob Kovoor & Co., Chartered Accountants, Kochi.
8. M/s. K. I. Abraham & Co., Chartered Accountants, Tiruvalla.
9. M/s. Jacob Abraham & Co., Chartered Accountants, Chengannur.
10. M/s Joseph John & Co., Chartered Accountants, Thiruvalla

11. M/s Thomas Kenny & Co., Thiruvalla.

7. സത്ന മിഷനേയും അനുബന്ധ സ്ഥാപനങ്ങളെയും സംബന്ധിച്ച് 2023-ലെ സഭാ പ്രതിനിധി മണ്ഡല തീരുമാനപ്രകാരം അഭിവന്ദ്യ മെത്രാപ്പോലീത്താ അവതരിപ്പിച്ച പ്രസ്താവന ഭൂരിപക്ഷ അഭിപ്രായത്തോടെ മണ്ഡലയോഗം അംഗീകരിച്ചു.

8. "പുതിയതായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന സഭാ സെക്രട്ടറിയേറ്റിന്റെ പ്ലാൻ, എസ്റ്റിമേറ്റ്, നിർമ്മാണപ്രവർത്തനങ്ങൾ, അടങ്കൽ തുക, ഫണ്ട് വിനിയോഗം എന്നിവ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്ന സാഹചര്യത്തിൽ ഇത് സഭയുടെ ഭാവി പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കും എന്നതിനാൽ, സംശയങ്ങൾ ദൂരീകരിക്കുന്നതിനും സുതാര്യമാക്കുന്നതിനും നാളിതുവരെയുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ചും ഭാവിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ മാർഗ്ഗരേഖ നൽകുന്നതിനും ധനപരമായ വിഷയങ്ങൾ ശ്രദ്ധിക്കുന്നതുമടക്കം സംഘടനകൾക്ക് ഉചിതമായ കോസ്റ്റ് ഷെയർ ഉൾപ്പെടെ പരിഗണിച്ച് ഒരു പഠനം നടത്തി അടുത്തുകൂടുന്ന വാർഷിക മണ്ഡലത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് 5 മണ്ഡലാംഗങ്ങളും 4 സാങ്കേതിക വിദഗ്ധരുമടങ്ങുന്ന 9 അംഗങ്ങളുള്ള ഒരു സമിതിയെ തെരഞ്ഞെടുത്ത് നടപ്പിൽ വരുത്തുന്നതിന് ഈ മണ്ഡലം തീരുമാനിക്കുന്നു. ഈ സമിതിയെ നിയമിക്കുന്നതിന് ബഹു. എപ്പിസ്കോപ്പൽ സിനഡിനോട് അഭ്യർത്ഥിക്കുന്നു," എന്ന പ്രമേയം മണ്ഡലം ഐകകണ്ഠേന അംഗീകരിച്ചു.

9. പഠനം-വിഷയം: "മതനിരപേക്ഷതയും മാറുന്ന സാമൂഹ്യ പരിസരവും (Secularism in the Changing Context)" എന്ന വിഷയത്തെ അടിസ്ഥാനമാക്കി പഠനം നടന്നു. ഈ വിഷയം സഭയുടെ ഭദ്രാസന-സെന്റർ-പ്രാദേശിക തലങ്ങളിൽ തുടർ പഠനത്തിന് വിധേയമാക്കണം എന്ന് തീരുമാനിച്ചു..

10. "പുതിയ ദേശീയ വിദ്യാഭ്യാസ നയം രാജ്യത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്ന സാഹചര്യത്തിൽ ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ കോളേജുകളെ അവയുടെ തുടർന്നുള്ള പുരോഗതിക്കായി സ്വയംഭരണ സ്ഥാപനങ്ങളായി മാറ്റേണ്ടതുണ്ട്. നിലവിലുള്ള നിയമ പ്രകാരം ട്രസ്റ്റുകളുടെയോ സൊസൈറ്റികളുടെയോ കീഴിൽ പ്രവർത്തിക്കുന്ന കോളജുകൾക്കു മാത്രമേ സ്വയംഭരണ സ്ഥാപനങ്ങളായി മാറുന്നതിനു വേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയൂ എന്നതിനാൽ മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനി അദ്ധ്യക്ഷനായും സഭാ സെക്രട്ടറി, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി & ട്രഷറാർ, എപ്പിസ്കോപ്പൽ സിനസ്, സഭാ കൗൺസിൽ എന്നിവയുടെ പ്രതിനിധികൾ, എപ്പിസ്കോപ്പൽ സിനഡ് നോമിനേറ്റ് ചെയ്യുന്ന അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന "മാർത്തോമ്മാ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ്" എന്ന നാമധേയത്തിൽ ഒരു ട്രസ്റ്റ് രൂപീകരിക്കുന്നതിനും സഭയുടെ നിലവിലുള്ള കോളജുകൾ ഈ ട്രസ്റ്റിന്റെ കീഴിലേക്ക് മാറ്റുന്നതിനും ഈ സഭാ പ്രതിനിധി മണ്ഡലം തീരുമാനിക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് ഇനിമുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയോ നടത്തുകയോ ചെയ്യുന്നത് ഇപ്രകാരം രൂപീകരിച്ച് രജിസ്റ്റർ ചെയ്യുന്ന ട്രസ്റ്റിന്റെ ചുമതലയിൽ ആയിരിക്കുന്നതാണ് എന്നും ഈ മണ്ഡലം തീരുമാനിക്കുന്നു," എന്ന സഭാ കൗൺസിലിന്റെ പ്രമേയം സംബന്ധിച്ച് അവതരിപ്പിക്കപ്പെട്ട മൂലപ്രമേയത്തിലെ ഓട്ടോണമസ് കോളേജ് എന്ന ആശയം മണ്ഡലം തത്വത്തിൽ അംഗീകരിച്ചു. സഭയുടെ എല്ലാ കോളേജുകളും ഓട്ടോണമസ് ആക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുന്നതിനും, ട്രസ്റ്റിന്റെയും സൊസൈറ്റിയുടെയും ബൈലോകൾ പ്രത്യേകമായി തയ്യാറാക്കി, അവയുടെ ഗുണദോഷങ്ങൾ വിശദമായി പഠിച്ച്, അടുത്ത് കൂടുന്ന സഭാ പ്രതിനിധി മണ്ഡലത്തിൽ അവതരിപ്പിക്കുന്നതിനും സഭാ കൗൺസിലിനെ ചുമതലപ്പെടുത്തി.

11. 'മാർത്തോമ്മാ സഭയ്ക്ക് ഒരു യൂണിവേഴ്സിറ്റി' എന്ന തീരുമാനം തത്വത്തിൽ അംഗീകരിച്ചു. ഇപ്രകാരം രൂപീകൃതമാകുന്ന യൂണിവേഴ്സിറ്റിക്ക് കീഴിൽ ഉൾപ്പെടുത്തേണ്ട കോളേജുകളെ സംബന്ധിച്ച് കൂടുതൽ വിശദമായ പഠനം നടത്തി അടുത്ത മണ്ഡലത്തിൽ റിപ്പോർട്ട് അവതരിപ്പിക്കുന്നതിന് സഭാ കൗൺസിലിനെ മണ്ഡലം ചുമതലപ്പെടുത്തി.

12. "പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ തിരുവല്ല വില്ലേജിൽ തിരുവല്ല മുനിസിപ്പാലിറ്റി വാർഡ് XIV SCS ക്യാമ്പസിൽ സ്ഥിതി ചെയ്യുന്ന സൺഡേസ്കൂൾ സമാജം, സുവിശേഷ പ്രസംഗ സംഘം ഓഫീസുകളും സഭാ ഓഫീസും പ്രവർത്തിക്കുന്ന കെട്ടിടം

(കെട്ടിട നമ്പർ 586) പൊളിച്ചു മാറ്റുന്നതിന് ഈ മണ്ഡലം തീരുമാനിക്കുന്നു," എന്ന സഭാ കൗൺസിലിന്റെ പ്രമേയം ചർച്ചയെ തുടർന്ന് വിശദമായ പഠനത്തിനായി മാറ്റിവെച്ചു.

13. യു. കെ. - യൂറോപ്പ് - ആഫ്രിക്ക ഭദ്രാസനത്തിന്റെ നിയമാവലി സഭാ പ്രതിനിധി മണ്ഡലയോഗം സർവ്വസമ്മതമായി അംഗീകരിച്ചു.

14. പുതുതായി നിർമ്മിച്ച സഭാ സെക്രട്ടറിയേറ്റിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് വേണ്ട പഠനം നടത്തി, നടപടികൾ സ്വീകരിക്കുന്നതിന് സഭാ കൗൺസിലിനെ മണ്ഡലം ചുമതലപ്പെടുത്തി. ഇതിലേക്ക് സംഭാവനയോ സ്പോൺസർഷിപ്പോ കണ്ടെത്തുന്നതിന് അനുവാദം നല്കുകയും ചെയ്തു.

15. 2024 ഫെബ്രുവരി 7, 8, 9 തീയതികളിൽ കൂടിയ വിശേഷാൽ പ്രതിനിധി മണ്ഡലത്തിൽ അവതരിപ്പിച്ച് ചർച്ച് ചെയ്ത് പാസ്സാക്കിയതിനു ശേഷമുള്ള ഭരണഘടനയുടെ ഭേദഗതികൾ ചർച്ച ചെയ്ത് അംഗീകരിച്ചു. (അംഗീകരിക്കപ്പെട്ട ഭേദഗതികൾ ഇതോടൊപ്പം ചേർത്തിരിക്കുന്നു).

16. സ്പെഷ്യൽ മണ്ഡലം പാസ്സാക്കിയ ഭരണഘടനാ വകുപ്പുകൾ ഭാഷാ ശുദ്ധി വരുത്തി വാക്കുളുടെ സ്ഥിരത, ലിംഗഭേദം കൂടാതെയുള്ള പ്രയോഗങ്ങൾ എന്നിവ ഉറപ്പ് വരുത്തി പ്രിന്റ് ചെയ്ത് താമസംവിനാ പരിഷ്ക്കരിച്ച സഭാ ഭരണഘടന പ്രസിദ്ധീകരിക്കേണ്ടതാണെന്ന് സഭാ പ്രതിനിധി മണ്ഡലം തീരുമാനിച്ചു. ഭരണഘടനയുടെ ഇംഗ്ലീഷ് പരിഭാഷയും പ്രസിദ്ധീകരിക്കുന്നതിനും ഇതിനാവശ്യമായ എല്ലാ ചെലവുകളും വഹിക്കുന്നതിനും മണ്ഡലം അനുമതി നല്കി.

17. സഭയുടെ പൊതു തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഒരു ഇലക്ഷൻ റൂൾസ് സഭാ കൗൺസിൽ തയ്യാറാക്കി സിനഡിന്റെ അനുമതിയോടെ അടുത്തുവരുന്ന സഭാ പ്രതിനിധി മണ്ഡലത്തിൽ അവതരിപ്പിക്കേണ്ടതാണ് എന്ന മെത്രാപ്പോലീത്തായുടെ നിർദ്ദേശം സഭാ മണ്ഡലം ഐക്യകണ്ഠേന അംഗീകരിച്ചു.

18. ഭദ്രാസന / സോണൽ ട്രഷറാർ എഴുതി നല്കേണ്ട സമ്മതപത്രം, എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക് പട്ടക്കാരുടെ പേരുകൾ നിർദ്ദേശിക്കുന്നതിനുള്ള ഫാറം എന്നിവ മണ്ഡലയോഗം പാസ്സാക്കി.

**ശുദ്ധിപത്രം**

| | | തെറ്റ് | ശരി |
|---|---|---|---|
| 1. | പേജ് നമ്പർ I-8<br>Sl. No. 22 | കെട്ടിട നമ്പർ 585, 586 | 585 എന്ന നമ്പർ ഒഴിവാക്കണം. |
| 2. | പേജ് നമ്പർ I-12,<br>Sl. No. 4 | 2024 ഫെബ്രുവരി 7, 8, 9 തീയതികളിൽ കൂടിയ വിശേഷാൽ പ്രതിനിധി മണ്ഡലം തീരുമാനിച്ച പ്രകാരം ബഹു. എപ്പിസ്കോപ്പൽ സിനഡ് അവതരിപ്പിക്കുന്ന വകുപ്പ് 9B യുടെ ഭേദഗതി. | 2024 ഫെബ്രുവരി 7, 8, 9 തീയതികളിൽ കൂടിയ വിശേഷാൽ പ്രതിനിധി മണ്ഡലം തീരുമാനിച്ച പ്രകാരം ബഹു. എപ്പിസ്കോപ്പ ൽ സിനഡ് **തയാറാക്കി നിർദ്ദേശിക്കുന്ന 9B ഔദ്യോഗിക പ്രമേയം.** |
| 3. | പേജ് നമ്പർ I-12 | ബഹു. എപ്പിസ്കോപ്പൽ സിനഡ് അവതരിപ്പിക്കുന്ന വകുപ്പ് 9B യുടെ ഭേദഗതി | ബഹു.എപ്പിസ്കോപ്പൽ സിനഡ് **തയാറാക്കി നിർദ്ദേശിക്കുന്ന 9B ഔദ്യോഗിക പ്രമേയം** |
| 4. | പേജ് നമ്പർ II- 3<br>24-ാം വരി | ശ്രീ. പ്രകാശ് ജോൺ വൈദ്യൻ, ഒമാൻ മാർത്തോമാ ഇടവക | ശ്രീ. പ്രകാശ് ജോൺ വൈദ്യൻ, ഒമാൻ മാർത്തോമാ ഇടവക.<br>space<br>സഭയുടെ ------------നോമിനേറ്റ് ചെയ്തു |
| 5. | പേജ് നമ്പർ II-6 | Item No. 06 കുറ്റാലത്ത് സ്ഥലം വാങ്ങുന്നതിനും **50 ലക്ഷം രൂപാ** ............ ചുമതലപ്പെടുത്തി. | കുറ്റാലത്ത് സ്ഥലം വാങ്ങുന്നതിന് **1 കോടി രൂപാ** .......... ചുമതലപ്പെടുത്തി. |

| | | | |
|---|---|---|---|
| 6. | പേജ് നമ്പർ II-120 2nd para | കേരളത്തിനു വെളിയിലുള്ള ബാലവാടികളുടെ പ്രവർത്തനത്തിന് 7,00,00 രൂപ റിപ്പോർട്ട് വർഷം ഗ്രാന്റായി അനുവദിച്ചു. | Delete this line |
| 7. | പേജ് നമ്പർ II-120 | last paragraph<br>ഉപസംഹാരം 5-ാം ലൈൻ - സർക്ഷാത്മകമായും | സർഗ്ഗാത്മകമായും |
| 8. | പേജ് നമ്പർ II-120 | 2nd para 5th line<br>23,74,621 രൂപ<br>2022-23 | 7,82,113.53 രൂപ 2023-24 |
| 9. | പേജ് നമ്പർ II-121 | Item No. 42 Mrs. Jency Manu | Mrs. Jency Manu (upto Sept. 2023) |
| 10. | പേജ് നമ്പർ IV-41 | റവ. കുര്യൻ വി. മാത്യൂസ് | ശ്രീ. കുര്യൻ വി. മാത്യൂസ് |

പേജ് നമ്പർ II - 8 ൽ item No. 1.7 നു ശേഷം ചേർത്ത് വായിക്കേണ്ടതാണ്:

**അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പട്ടത്വ സുവർണ്ണ ജൂബിലി പ്രോജക്ടുകൾ**

അഭയം, ലക്ഷ്യ പ്രോജക്ടുകൾ അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ പട്ടത്വ സുവർണ്ണ ജൂബിലിയോടും 75-ാം ജന്മദിനത്തോടും അനുബന്ധിച്ചു തുടങ്ങിയവയാണ്. അഭയം പ്രോജക്ടിൽ ഇതുവരെ 63 വീടുകൾ പൂർത്തീകരിച്ചു. 27 വീടുകളുടെ പണി പുരോഗമിക്കുന്നു. 41 വീടുകൾക്കായുള്ള ശില ആശീർവ്വദിച്ചു. ലക്ഷ്യ പ്രോജക്ടിലൂടെ ബി.എസ്.സി. നഴ്സിംഗ്, എഞ്ചിനീയറിംഗ്, MBA എന്നീ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടത്തുന്ന, സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള 45 വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകി.

**മാർത്തോമ്മാ സഭാ സെക്രട്ടറിയേറ്റ്**

മാർത്തോമ്മാ സഭാ സെക്രട്ടറിയേറ്റ് ഡോ. ജോസഫ് മാർത്തോമ്മാ നവതി ഓഫീസ് കോംപ്ലക്സിന്റെ പ്രതിഷ്ഠാ ശുശ്രൂഷയ്ക്ക് 2023 ഓഗസ്റ്റ് 21-ാം തീയതി രാവിലെ 11:45-ന് അഭിവന്ദ്യ മോസ്റ്റ് റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ നേതൃത്വം നൽകി. റൈറ്റ് റവ. ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായും, റൈറ്റ് റവ. തോമസ് മാർ തിമൊഥെയോസ്, റൈറ്റ് റവ. ഡോ. ഐസക് മാർ ഫിലക്സിനോസ്, റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ്, റൈറ്റ് റവ. ഡോ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ്, റൈറ്റ് റവ. ഡോ. തോമസ് മാർ തീത്തോസ് എന്നീ എപ്പിസ്കോപ്പാമാരും സഭാ കൗൺസിൽ അംഗങ്ങളും ഔദ്യോഗിക ഭാരവാഹികളും സംഘടനകളുടെ ഭാരവാഹികളും പങ്കെടുത്തു.

## വകുപ്പ് 9 B

സ്ഥാനം ഒഴിയുന്ന എപ്പിസ്കോപ്പ സഭാ പ്രതിനിധി മണ്ഡലം, എപ്പിസ്കോപ്പൽ സിനഡ്, സഭാ കൗൺസിൽ എന്നീ ഭരണഘടകങ്ങളിൽ തുടർന്നും അംഗമായിരിക്കുന്നതാണ്.

## വകുപ്പ് 9 C

സ്ഥാനം ഒഴിയുന്ന എപ്പിസ്കോപ്പാമാരുടെ ആജീവനാന്ത സന്ധാരണത്തിനും പരിരക്ഷയ്ക്കും ആവശ്യമായ എല്ലാ ക്രമീകരണങ്ങളും സഭ നിർവ്വഹിക്കേണ്ടതാണ്.

## വകുപ്പ് 47
## വൈദിക തെരഞ്ഞെടുപ്പ് കമ്മിറ്റി

വൈദിക തെരഞ്ഞെടുപ്പ് കമ്മിറ്റിയിൽ 9 വൈദികരും 8 അത്മായരും ഉൾപ്പെടെ 17 അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അവരിൽ എപ്പിസ്കോപ്പൽ സിനഡ് നിശ്ചയിക്കുന്ന ഒരു എപ്പിസ്കോപ്പായും സീനിയർ വികാരി ജനറാളും സഭാസെക്രട്ടറിയും വൈദിക സെമിനാരി പ്രിൻസിപ്പൽമാരും എക്സ് ഒഫീഷ്യോ അംഗങ്ങളായിരിക്കും. ശേഷം അംഗങ്ങളെ പ്രതിനിധിമണ്ഡലാംഗങ്ങളിൽ നിന്നും മണ്ഡലം തെരഞ്ഞെടുക്കേണ്ടതാണ്. കമ്മറ്റിയുടെ അധ്യക്ഷൻ എപ്പിസ്കോപ്പയും സെക്രട്ടറി സഭാ സെക്രട്ടറിയും ആയിരിക്കും. കാലാവധി മൂന്നു കൊല്ലമോ അടുത്ത തെരഞ്ഞെടുപ്പുവരെയോ ആയിരിക്കും. കമ്മിറ്റിയുടെ കോറം 9 ആയിരിക്കുന്നതാണ്.

## വകുപ്പ് 47 b

വൈദിക തിരഞ്ഞെടുപ്പ് കമ്മിറ്റിയിൽ മുന്നു തവണ തെരഞ്ഞെടുക്കപ്പെട്ട ആളുകൾ തുടർന്നുവരുന്ന തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥിയാകുവാൻ പാടില്ലാത്തതാണ്.

## അദ്ധ്യായം 5
## സഭ - പൊതുഭരണം
## വകുപ്പ് 57

ഭരണസൗകര്യം മുൻനിർത്തി സഭാ കൗൺസിലിന്റെയും എപ്പിസ്കോപ്പൽ സിനഡിന്റെയും ആലോചനയോടുകൂടി സഭയെ ഭദ്രാസനങ്ങളായി രൂപീകരിക്കുന്നതിനും പുന:ക്രമീകരണം ചെയ്യുന്നതിനും മെത്രാപ്പോലീത്തായ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

എപ്പിസ്കോപ്പൽ സിനഡിന്റെ അനുമതിയോടുകൂടി പുതിയ ഇടവകകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഇടവകകൾ വിഭജിച്ചു പുതിയ ഇടവകകൾക്കു രൂപം കൊടുക്കുന്നതിനും നിലവിലുള്ള ഇടവകകൾ നിർത്തൽ ചെയ്തു സമീപമുള്ള ഇടവകയോടോ ഇടവകകളോടോ കൂട്ടിച്ചേർക്കുന്നതിനും ഭദ്രാസനാദ്ധ്യക്ഷന് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒന്നിലധികം ഭദ്രാസനങ്ങളിൽ ഉൾപ്പെട്ട ഇടവകകളുടെ പുനർക്രമീകരണം എപ്പിസ്കോപ്പൽ സിനഡിന്റെ അനുമതിയോടുകൂടി മെത്രാപ്പോലീത്താ നിർവ്വഹിക്കേണ്ടതാണ്.

എപ്പിസ്കോപ്പൽ സിനഡിന്റെ അനുമതിയോടുകൂടി നിലവിലുള്ളതോ പുതുതായി രൂപം കൊള്ളുന്നതോ ആയ ഇടവകകൾക്ക് പേരുകൾ നിർദ്ദേശിക്കുന്നതിനും നിലവിലുള്ള പേരുകൾ ഭേദഗതി ചെയ്യുന്നതിനും ഭദ്രാസനാദ്ധ്യക്ഷന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

എപ്പിസ്കോപ്പൽ സിനഡിന്റെ അനുമതിയോടു കൂടി ഭരണസൗകര്യവും പൊതുകൂട്ടായ്മയും മുൻനിർത്തി ഇടവകകളെ സെന്ററുകളായി രൂപീകരിക്കുന്നതിനും അതതുകാലങ്ങളിൽ ഭേദഗതി ചെയ്യുന്നതിനും ഭദ്രാസനാദ്ധ്യക്ഷനു അധികാരം ഉണ്ടായിരിക്കുന്നതാണ്

.

## വകുപ്പ് 58 (1)

ഭദ്രാസനത്തിന്റെ ചുമതല വഹിക്കുന്നതിനു സിനഡിന്റെ ആലോചനയോടുകൂടി ഒരു എപ്പിസ്കോപ്പായെ ഭദ്രാസനാദ്ധ്യക്ഷനായി മെത്രാപ്പോലീത്താ നിയോഗിക്കുന്നതും, മെത്രാപ്പോലീത്തായുടെ നിയന്ത്രണത്തിനു വിധേയമായി ഭദ്രാസനാദ്ധ്യക്ഷൻ ഭദ്രാസനത്തിന്റെ ചുമതലകൾ നിർവഹിക്കേണ്ടതുമാകുന്നു. എപ്പിസ്കോപ്പായുടെ അഭാവത്തിൽ ഭദ്രാസനാദ്ധ്യക്ഷന്റെ ഭരണപരമായ ചുമതല നിർവ്വഹിക്കുന്നതിന് അർക്കദിയാക്കോനെയോ വികാരി ജനറാളിനെയോ നിയോഗിക്കാവുന്നതാണ്.

## വകുപ്പ് 58 (3)

ഭദ്രാസന ഭരണത്തിൽ എപ്പിസ്കോപ്പായെ സഹായിക്കുന്നതിന് സാധാരണയായി സജീവ സേവനത്തിലുള്ള ഒരു വികാരി ജനറാളിനെ സിനഡിന്റെ ആലോചനയോടു കൂടി മെത്രാപ്പോലീത്താ നിയോഗിക്കേണ്ടതാണ്. അങ്ങനെ നിയോഗിക്കപ്പെടുന്ന വികാരി ജനറാൾ ഭരണഘടനയിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുള്ള ചുമതലകൾക്കു പുറമേ മെത്രാപ്പോലീത്തായോ ഭദ്രാസന അദ്ധ്യക്ഷനോ ഭരമേല്പിക്കുന്ന മറ്റു ചുമതലകളും ഭദ്രാസനാദ്ധ്യക്ഷന്റെ നിയന്ത്രണത്തിനു വിധേയമായി നിർവ്വഹിക്കേണ്ടതാണ്.

## വകുപ്പ് 59

സഭയുടെ പൊതു ഭരണത്തിനു ഒരു എപ്പിസ്കോപ്പൽ സിനഡും 'മലങ്കര മാർത്തോമ്മാ സുറിയാനി സഭാ പ്രതിനിധിമണ്ഡലം' എന്ന നാമധേയത്തിൽ ഒരു മഹാസഭയും കാര്യ നിർവ്വഹണത്തിന് ഒരു സഭാ കൗൺസിലും വൈദിക സ്ഥാനത്തേക്കു വ്യക്തികളെ തെരഞ്ഞെടുക്കുന്നതിനു ഒരു വൈദിക തിരഞ്ഞെടുപ്പു കമ്മിറ്റിയും ഉണ്ടായിരിക്കുന്നതാണ്.

സ്ഥാപനകളിലൂടെയും സംഘടനകളിലൂടെയുമുള്ള സഭയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒരു ഏകോപന സമിതിയും പ്രസിദ്ധീകരണ ചുമതല വഹിക്കുന്നതിന് ഒരു പ്രസിദ്ധീകരണ സമിതിയും ഉന്നത വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് കാലോചിതമായി പരിഷ്കരിച്ച് നടപ്പിൽ വരുത്തുന്നതിന് ഒരു ഹയർ എഡ്യുക്കേഷൻ ബോർഡും സാക്ഷ്യ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു മിഷൻ ബോർഡും അതത് കാലത്ത് ആവശ്യമെന്ന് സഭാ കൗൺസിലിന് അഭിപ്രായമുള്ള ഇതര സമിതികളും ബോർഡുകളും ഏർപ്പെടുത്താവുന്നതാണ്. ഇവ സഭാ കൗൺസിലിന്റെ നിയന്ത്രണത്തിന് വിധേയമായിരിക്കും.

## വകുപ്പ് 61

മെത്രാപ്പോലീത്താ, എപ്പിസ്കോപ്പൽ സിനഡിന്റെ ആലോചനയോടുകൂടി, എപ്പിസ്കോപ്പായ്ക്ക് അധികാരങ്ങൾ നൽകുന്നതാണ്. ആവശ്യമെന്ന് കണ്ടാൽ നൽകപ്പെട്ടിരിക്കുന്ന ഏതെങ്കിലും അധികാരത്തെ സിനഡിന്റെ ആലോചനയോടുകൂടി പിൻവലിക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്നതിനു മെത്രാപ്പോലീത്തായ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

## വകുപ്പ് 63A

ഭദ്രാസനത്തിന്റെ ചുമതലയുള്ള എപ്പിസ്കോപ്പായ്ക്ക് ഒരു മാസത്തിലധികം കാലം ഭദ്രാസനാദ്ധ്യക്ഷന്റെ ചുമതലകൾ യഥാസമയം നിർവ്വഹിക്കുന്നതിന് കഴിയാതെ വരുന്ന സാഹചര്യങ്ങളിൽ, പ്രസ്തുത ചുമതലകൾ താൽക്കാലികമായി നിർവ്വഹിക്കുന്നതിന് യുക്തമായ ക്രമീകരണങ്ങൾ മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്ക് ചെയ്യാവുന്നതാണ്.

## വകുപ്പ് 63B

ഭരണപരമായി ഭദ്രാസനാദ്ധ്യക്ഷൻ കൈക്കൊള്ളുന്ന തീരുമാനങ്ങൾ, ബന്ധപ്പെട്ട ഇടവകകളെയോ വ്യക്തികളെയോ അറിയിക്കുന്നതിനും ഭദ്രാസനാദ്ധ്യക്ഷനുവേണ്ടി കത്തിടപാടുകൾ നടത്തുന്നതിനും ഭദ്രാസന സെക്രട്ടറിയെയോ വികാരിജനറാളിനെയോ യുക്താനുസരണം നിയോഗിക്കുന്നതിന് ഭദ്രാസനാദ്ധ്യക്ഷന് സ്വാതന്ത്ര്യമുണ്ടായിരിക്കും.

## വകുപ്പ് 64

സഭ, ഭദ്രാസനം, ഇടവക, സ്ഥാപനം, സംഘടന എന്നിവയെ സംബന്ധിക്കുന്ന ഏതെങ്കിലും നടപടി ക്രമങ്ങളെക്കുറിച്ചോ ഈ ഭരണഘടനയിൽ നിബന്ധനകൾ അവ്യക്തമായിരിക്കുകയോ ഇല്ലാതിരിക്കുകയോ ചെയ്യുന്ന വിഷയങ്ങളെക്കുറിച്ചോ യുക്തമായ തീരുമാനം എപ്പിസ്കോപ്പൽ സിനഡിന്റെ ആലോചനയോടുകൂടി മെത്രാപ്പോലീത്തായ്ക്ക് എടുക്കാവുന്നതും ആ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. അത് അടുത്തുകൂടുന്ന വാർഷിക പ്രതിനിധി മണ്ഡലത്തിൽ റിപ്പോർട്ടു ചെയ്യേണ്ടതാണ്. അത് ഭേദഗതി ചെയ്യാനോ അസ്ഥിരപ്പെടുത്താനോ മണ്ഡലത്തിന് അധികാരം ഉണ്ടായിരിക്കും.

## വകുപ്പ് 65 A (2)

സഭയുടെ പൊതുവായ നിയമകാര്യകമ്മിറ്റിയിൽ മെത്രാപ്പോലീത്താ (അദ്ധ്യക്ഷൻ), സീനിയർ വികാരി ജനറാൾ, സഭാ സെക്രട്ടറി, വൈദീക ട്രസ്റ്റി, അത്മായ ട്രസ്റ്റി എന്നീ ഔദ്യോഗിക സ്ഥാനികളും, സിനഡ് നിശ്ചയിക്കുന്ന മറ്റ് ഏഴ് അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ അനൗദ്യോഗിക അംഗങ്ങളിൽ, ഒരാൾ ചാർട്ടേർഡ് അക്കൗണ്ടന്റും നാലുപേർ നിയമജ്ഞരും രണ്ടു പേർ സ്ത്രീകളും ആയിരിക്കേണ്ടതാണ്. വിദ്യാഭ്യാസ ഉദ്യോഗസ്ഥതല ചട്ടങ്ങളിൽ പ്രാവീണ്യമുള്ളവർ സമിതിയിൽ ഉൾപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## വകുപ്പ് 65 A (3)

ഭദ്രാസനങ്ങളുടെ നിയമകാര്യകമ്മിറ്റിയിൽ ഭദ്രാസന എപ്പിസ്കോപ്പാ (അദ്ധ്യക്ഷൻ), ഭദ്രാസനത്തിൽ സജീവസേവനത്തിലുള്ള വികാരി ജനറാൾ, ഭദ്രാസന സെക്രട്ടറി, ഭദ്രാസന ട്രഷറാർ എന്നീ ഔദ്യോഗിക സ്ഥാനികളും സിനഡു നിശ്ചയിക്കുന്ന മറ്റ് അഞ്ച് അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്. മേൽപ്പറഞ്ഞ അനൗദ്യോഗിക അംഗങ്ങളിൽ, കുറഞ്ഞത് രണ്ട് നിയമജ്ഞർ, രണ്ട് സ്ത്രീകൾ, ഒരു മെഡിക്കൽ ഡോക്ടർ എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്.

## വകുപ്പ് 65 B

### സാമ്പത്തിക വിദഗ്ധ കമ്മിറ്റി (Financial Expert Committee)

സഭയുടെ ഇൻകം ടാക്സ് (Income Tax), ജി.എസ്.ടി. (GST), എഫ്.സി.ആർ.എ, (FCRA), ട്രസ്റ്റ് പ്രോപ്പർട്ടി (Trust Property) മുതലായ പൊതു സാമ്പത്തിക വിഷയങ്ങളിൽ സഭയ്ക്ക് മാർഗ്ഗ നിർദ്ദേശവും ഉപദേശവും നല്കുന്നതിനായി ഒരു വിദഗ്ധ കമ്മറ്റിയെ എപ്പിസ്കോപ്പൽ സിനഡ് നിയമിക്കേണ്ടതാണ്. ഈ കമ്മറ്റിയുടെ അദ്ധ്യക്ഷൻ മെത്രാപ്പോലീത്താ ആയിരിക്കും. സഭാ സെക്രട്ടറി, സഭാ ട്രസ്റ്റികൾ, മേൽ വിവരിച്ച സാമ്പത്തിക കാര്യങ്ങളിൽ പ്രാവീണ്യമുള്ള മൂന്നിൽ കുറയാത്ത വിദഗ്ധർ എന്നിവർ ഈ കമ്മറ്റിയിൽ അംഗങ്ങളായിരിക്കും. ഈ കമ്മറ്റിയുടെ നിർദ്ദേശങ്ങൾ/ശുപാർശകൾ സഭാ കൗൺസിലിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## വകുപ്പ് 68

എപ്പിസ്കോപ്പാമാരുടെ ഭൂരിപക്ഷം സിനഡ് യോഗത്തിന്റെ കോറമായിരിക്കും. എപ്പിസ്കോപ്പൽ സിനഡിന് ഒരു എക്സിക്യൂട്ടിവ് കമ്മിറ്റിയെ നിയമിക്കാവുന്നതാണ്. അതിലെ തീരുമാനങ്ങൾ അടുത്തു കൂടുന്ന സിനഡിൽ റിപ്പോർട്ടു ചെയ്തു അംഗീകാരം വാങ്ങേണ്ടതാണ്.

സിനഡിന്റെ നടപടിക്രമങ്ങൾ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തി അതത് യോഗത്തിൽ പാസ്സാക്കി അദ്ധ്യക്ഷന്റെ ഒപ്പോടുകൂടി സൂക്ഷിക്കേണ്ടതാണ്.

## വകുപ്പ് 70 A

സഭയുടെയോ, ഭദ്രാസനങ്ങളുടെയോ, ഇടവകകളുടെയോ സഭയുടെ ഇതര സ്ഥാപനങ്ങളുടെയോ നിയന്ത്രണത്തിൽ അല്ലാത്ത ട്രസ്റ്റുകൾ, സൊസൈറ്റികൾ, സംഘടനകൾ, ഇതര സ്ഥാപനങ്ങൾ എന്നിവയിൽ അംഗത്വമോ ചുമതലാസ്ഥാനമോ വഹിക്കുന്നതിന് എപ്പിസ്കോപ്പമാർ എപ്പിസ്കോപ്പൽ സിനഡിന്റെ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. മെത്രാപ്പോലീത്തായ്ക്ക് യുക്തമെന്ന് തോന്നുന്ന വിഷയങ്ങളിൽ സഭാകൗൺസിലിന്റെയും അനുവാദം ഉണ്ടായിരിക്കേണ്ടതാണ്.

ഇടവകകളുടെയോ സഭയുടെ സംഘടനകളുടെയോ നിയന്ത്രണത്തിലുള്ള ട്രസ്റ്റുകൾ, സൊസൈറ്റികൾ, സംഘടനകൾ, ഇതര സ്ഥാപനങ്ങൾ എന്നിവയിലോ സഭയുടെയോ ഭദ്രാസനങ്ങളുടെയോ സഭയുടെ ഇതര സ്ഥാപനങ്ങളുടെയോ നിയന്ത്രണത്തിൽ അല്ലാത്ത ട്രസ്റ്റുകൾ, സൊസൈറ്റികൾ, സംഘടനകൾ, ഇതര സ്ഥാപനങ്ങൾ എന്നിവയിൽ അംഗത്വമോ ചുമതലാ സ്ഥാനമോ എന്തെങ്കിലും പദവികളോ വഹിക്കുന്നതിന് പട്ടക്കാർ എപ്പിസ്കോപ്പൽ സിനഡിന്റെ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

# അദ്ധ്യായം 7

# സഭാ പ്രതിനിധി മണ്ഡലം

## വകുപ്പ് 73

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ലൗകികവും ആത്മീയവുമായ സകല കാര്യങ്ങളും ആലോചിച്ചു തീരുമാനിക്കുന്നതിന്, വലിയ മെത്രാപ്പോലീത്തായും മെത്രാപ്പോലീത്തായും സഫ്രഗൻ മെത്രാപ്പോലീത്താമാരും എപ്പിസ്കോപ്പാമാരും റമ്പാന്മാരും അർക്കദിയാക്കോന്മാരും സജീവ സേവനത്തിലുള്ള വികാരി ജനറാളന്മാരും 77-ാം വകുപ്പിൻ പ്രകാരം നിയോഗിക്കപ്പെടുന്ന പട്ടക്കാരും ഇടവക പ്രതിനിധികളും സുവിശേഷ പ്രസംഗസംഘം, സൺഡേസ്കൂൾ സമാജം, യുവജന സഖ്യം, സുവിശേഷ സേവികാ സംഘം, സന്നദ്ധ സുവിശേഷക സംഘം, ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രഡ് മ്യൂസിക് & കമ്മ്യൂണിക്കേഷൻസ്, സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ്, ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്, മാർത്തോമ്മാ സ്റ്റുഡന്റ്സ്

കോൺഫറൻസ്, റിട്ടയർഡ് ക്ലേർജി ഫെലോഷിപ്പ് എന്നീ അംഗീകൃത സ്ഥാപനകളുടെ പ്രതിനിധികളും അതത് കാലങ്ങളിൽ സഭാപ്രതിനിധി മണ്ഡലം അംഗീകരിക്കുന്ന സ്ഥാപനകളുടെ പ്രതിനിധികളും സഭയുടെ സുവിശേഷപ്രവർത്തനങ്ങളുടെ ഫലമായി സഭാംഗങ്ങളായിത്തീർന്നിട്ടുള്ളവരുടെ പ്രതിനിധികളും, മെത്രാപ്പോലീത്തയാൽ നിയമിക്കപ്പെടുന്നവരും ഉൾപ്പെട്ട മലങ്കര മാർത്തോമ്മാ സുറിയാനി സഭാ പ്രതിനിധിമണ്ഡലം എന്ന പേരിൽ അറിയപ്പെടുന്നതുമായ ഒരു പ്രതിനിധി സഭ ഉണ്ടായിരിക്കുന്നതാണ്.

## വകുപ്പ് 77 A (1)

മേൽ 77-ാം വകുപ്പ്, 1-ാം ഖണ്ഡിക പ്രകാരം, തെരഞ്ഞെടുക്കപ്പെടുന്ന ഇടവക പ്രതിനിധികളിൽ, കുറഞ്ഞത് 33% (മുപ്പത്തി മൂന്ന് ശതമാനം) സ്ത്രീകളായിരിക്കേണ്ടതും, ആ ഉദ്ദേശ്യ നിവർത്തിക്കായി, മെത്രാപ്പോലീത്തായുടെ നിർദ്ദേശാനുസരണം, ഭദ്രാസനാടിസ്ഥാനത്തിൽ, താഴെപ്പറയുന്ന ക്രമീകരണം, ഭദ്രാസനാദ്ധ്യക്ഷന്മാരുടെ ചുമതലയിൽ ചെയ്യേണ്ടതുമാണ്.

## വകുപ്പ് 77 A (2)

ഓരോ ഭദ്രാസനത്തിൽനിന്നുമുള്ള ഇടവക പ്രതിനിധികളുടെ ആകെ സംഖ്യ തിട്ടപ്പെടുത്തി, ആ സംഖ്യയുടെ **33% (മുപ്പത്തി മൂന്ന് ശതമാനം)** കുറയാതെ, അതിനോട് എത്രയും അനുരൂപമായ സംഖ്യയോ, സ്ത്രീ സംവരണ സ്ഥാനങ്ങളായി പ്രഖ്യാപി ക്കേണ്ടതാണ്.

## വകുപ്പ് 77 A (13)

ഭരണഘടനയുടെ 228-ാം വകുപ്പ് പ്രകാരം ഇടവക സംഘം കൂടുമ്പോൾ 77, 77 അ വകുപ്പുകളിലെ നിബന്ധനകൾ പ്രകാരം ഒന്നിൽ കൂടുതൽ അംഗങ്ങളെ മണ്ഡലത്തിലേക്ക് അയയ്ക്കുവാൻ അവകാശമുള്ള ഇടവകകളിൽ നിന്നും സ്ത്രീ സംവരണ സ്ഥാനത്തേക്ക് ഒരു സ്ത്രീയുടെ പേര് മാത്രം നിർദ്ദേശിക്കപ്പെട്ടാൽ ആ സ്ത്രീ തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കേണ്ട താണ്. തെരഞ്ഞെടുക്കപ്പെടാവുന്ന പ്രതിനിധികളുടെ എണ്ണത്തിൽ കൂടുതൽ നിർദ്ദേശിതർ ഉണ്ടായിരുന്നാൽ ഭരണഘടന വകുപ്പ് 238 പ്രകാരം ബാലറ്റ് മുഖാന്തരം തെരഞ്ഞെടുപ്പ് പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ സമ്മതിദായകർക്ക് തങ്ങളുടെ വോട്ടുകൾ ഏത് സ്ഥാനാർത്ഥിക്കും രേഖപ്പെടുത്താവുന്നതാണ്.

## വകുപ്പ് 85 A (1)

സഭാ സെക്രട്ടറി, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി എന്നീ സ്ഥാനങ്ങളിലേക്കും വൈദിക തിരഞ്ഞെടുപ്പ് കമ്മിറ്റിയിലേക്കുമുള്ള തെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് ഓരോ പുതുമണ്ഡലത്തിന്റെയും പ്രാരംഭയോഗത്തിനു മുമ്പായി അതത് ഭദ്രാസനതലത്തിൽ നടത്തേണ്ടതാണ്. കേരളത്തിനു പുറത്തുള്ള ഭദ്രാസനങ്ങളിലെ/മേഖലകളിലെ വോട്ടെടുപ്പ് ആവശ്യമെന്ന് തോന്നുന്ന പക്ഷം പോസ്റ്റൽ ബാലറ്റ് മുഖേന നടത്താവുന്നതാണ്.

മേൽപ്പറഞ്ഞ സ്ഥാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ചുമതല മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരിക്കും. മെത്രാപ്പോ ലീത്തായ്ക്ക് യുക്തമെന്ന് തോന്നുന്നപക്ഷം ഭദ്രാസന/ മേഖലാ തലത്തിലെ വോട്ടെടുപ്പിന്റെ ചുമതല അതത് ഭദ്രാസന എപ്പി സ്കോപ്പാമാരെ ഭരമേൽപിക്കാവുന്നതാണ്.

എല്ലാ ഭദ്രാസനങ്ങളിലെയും/മേഖലകളിലെയും പോസ്റ്റൽ ബാലറ്റ് ഉൾപ്പെടെയുള്ള വോട്ടെടുപ്പ് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കത്തക്ക രീതിയിൽ ആവശ്യമായ നടപടിക്രമങ്ങൾ സഭാ കൗൺസിൽ നിശ്ചയിക്കേണ്ടതാണ്.

പോസ്റ്റൽ വോട്ടുകൾ നിശ്ചിതസമയത്തിനകം മെത്രാപ്പോലീത്തായ്ക്ക് ലഭിക്കത്തക്കവണ്ണം ആവശ്യമായ നടപടികൾ സ്വീകരി ക്കേണ്ടതാണ്.

സഭാസെക്രട്ടറി, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി, വൈദിക തെരഞ്ഞെടുപ്പുകമ്മിറ്റി എന്നീ സ്ഥാനങ്ങളിലേക്ക് ഭദ്രാസനാടിസ്ഥാനത്തിൽ നടന്ന വോട്ടെടുപ്പിന്റെ ബാലറ്റ് പേപ്പറുകൾ അടങ്ങിയ സീൽ ചെയ്ത ബാലറ്റ് പെട്ടികൾ എത്രയും വേഗം മെത്രാപ്പോലീത്താ നിശ്ചയിക്കുന്ന സ്ഥലത്ത് എത്തിക്കേണ്ടതും ആയത് മെത്രാപ്പോലീത്തായുടെ ചുമതലയിൽ സൂക്ഷിക്കേണ്ടതുമാണ്.

## വകുപ്പ് 85 A (2)

മെത്രാപ്പോലീത്തായുടെ ചുമതലയിൽ പ്രതിനിധിമണ്ഡലയോഗത്തിൽ വെച്ച് വോട്ടുകൾ എണ്ണി തിട്ടപ്പെടുത്തി ഫലപ്രഖ്യാപനം നടത്തേണ്ടതാണ്.

## വകുപ്പ് 85 A (3)

സഭാ സെക്രട്ടറി, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി, വൈദിക തെരഞ്ഞെടുപ്പുകമ്മിറ്റി അംഗങ്ങൾ എന്നീ സ്ഥാനങ്ങളിലേക്ക് നട ത്തിയ തെരഞ്ഞെടുപ്പ് സംബന്ധിച്ച തെരഞ്ഞെടുപ്പു ഹർജി, ഫലപ്രഖ്യാപനം നടത്തി പത്തുദിവസത്തിനകം മെത്രാപ്പോലീ ത്തായുടെ മുമ്പാകെയോ മെത്രാപ്പോലീത്താ ചുമതലപ്പെടുത്തുന്ന ആളിന്റെ മുമ്പാകെയോ എഴുതി സമർപ്പിക്കാവുന്നതാണ്.

തെരഞ്ഞെടുപ്പ് ഹർജി അതത് പ്രതിനിധിമണ്ഡലത്തിലെ അംഗങ്ങൾക്ക് മാത്രമേ സമർപ്പിക്കുന്നതിനു അവകാശമുണ്ടായിരി ക്കുകയുള്ളൂ. ഓരോ തെരഞ്ഞെടുപ്പു ഹർജിയോടും കൂടി അഞ്ഞൂറു രൂപ ഫീസായി അടയ്ക്കേണ്ടതാണ്. ഈ തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല. ഓരോ തെരഞ്ഞെടുപ്പു ഹർജിയും ഹാജരാക്കുമ്പോൾ ഹർജിയോടൊപ്പം ഹർജിക്കാരന്റെ സത്യവാങ്മൂലവും ഹാജരാക്കേണ്ടതാണ്.

## വകുപ്പ് 85 A (4)

മേൽ പ്രസ്താവിച്ച പ്രകാരം ലഭിക്കപ്പെടുന്ന ഹർജികൾ ഈ ഭരണഘടനയിലെ 164 C വകുപ്പിൽ 5 മുതൽ 9 വരെ ഉപവകുപ്പു കളിൽ പ്രസ്താവിച്ചിരിക്കുന്ന നടപടിക്രമം പാലിച്ച് വിചാരണ നടത്തി തീരുമാനിക്കേണ്ടതാണ്.

## വകുപ്പ് 86

ട്രഷറാർ:- അത്മായ ട്രസ്റ്റി സഭയുടെ ട്രഷറാർ (ഖജാൻജി) കൂടി ആയിരിക്കുന്നതാണ്.

മണ്ഡലത്തിന്റെ വാർഷികയോഗങ്ങളിൽ സഭാകൗൺസിലിന്റെ അനുവാദത്തോടുകൂടി തന്നാണ്ടത്തെ ബഡ്ജറ്റ് അവതരിപ്പി ക്കുക, അടുത്ത വർഷത്തിൽ നിശ്ചിത കാലാവധിവരെയുള്ള ചെലവുകൾക്കു അനുമതി അഭ്യർത്ഥിക്കുക എന്നിവ ട്രഷറാറുടെ ചുമതലകളിൽ ഉൾപ്പെടുന്നു.

83-ാം വകുപ്പുപ്രകാരം സെക്രട്ടറി തയ്യാറാക്കി സൂക്ഷിക്കുന്ന കണക്കുകളും തെരട്ടുകളും ആവശ്യമായ വിശദീകരണങ്ങളോടു കൂടി ട്രഷറാർ സഭാ കൗൺസിലിൽ യഥാകാലം സമർപ്പിക്കേണ്ടതാണ്.

ചെലവുകൾ ബഡ്ജറ്റിൽ കവിയാതെ സൂക്ഷിക്കേണ്ടത് ട്രഷറാറുടെ ചുമതലയാണ്. എന്നാൽ ഏതെങ്കിലും ഇനത്തിൽ ബഡ്ജറ്റിൽ ഇല്ലാതെയും ബഡ്ജറ്റിൽ കവിഞ്ഞും തുക ചെലവുചെയ്യേണ്ടതായിവന്നാൽ അത് സംബന്ധിച്ച വിശദവിവരങ്ങൾ ട്രഷറാർ സഭാ കൗൺസിലിൽ റിപ്പോർട്ടു ചെയ്യേണ്ടതും കൗൺസിൽ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാകുന്നു. അങ്ങനെ ഏതെങ്കിലും ഇനത്തിൽ ബഡ്ജറ്റിൽ ഇല്ലാതെയും ബഡ്ജറ്റിൽ കവിഞ്ഞും തുകകൾ ചെലവു ചെയ്യേണ്ടി വന്നിട്ടുണ്ടെങ്കിൽ തുടർന്നുവരുന്ന മണ്ഡലത്തിന്റെ വാർഷിക യോഗത്തിൽ വിവരം റിപ്പോർട്ടു ചെയ്തു മണ്ഡലത്തിന്റെ അനുമതി അഭ്യർത്ഥിക്കേണ്ടതാണ്.

## വകുപ്പ് 92

ആലോചനാശക്തിയുള്ള ഒരാൾ തന്റെ വസ്തു ഏതുപ്രകാരം സൂക്ഷ്മതയോടുകൂടി കൈകാര്യം ചെയ്യുമോ, അതേപ്രകാരത്തിൽ ട്രസ്റ്റുമുതലുകൾ കാത്തുകൊള്ളുകയും, ഇടപാടു ചെയ്യുകയും ചെയ്യുന്നതിന് ട്രസ്റ്റികൾ ബാദ്ധ്യസ്ഥരാണ്.

പ്രതിനിധിമണ്ഡലമോ സഭാകൗൺസിലോ അതതുകാലത്തു നിശ്ചയിക്കുന്ന മാതൃകയിൽ എല്ലാ വിവരങ്ങളും വ്യക്തമായി മനസ്സിലാക്കത്തക്കവിധത്തിൽ ട്രസ്റ്റു മുതലുകളുടെ റജിസ്റ്ററുകളും 83-ാം വകുപ്പിൽ പറയുന്ന കണക്കുകളും കൃത്യമായും ക്രമമായും സൂക്ഷിക്കുന്നു എന്ന് ട്രസ്റ്റികൾ ഉറപ്പുവരുത്തേണ്ടതാണ്.

36-ാം വകുപ്പിൽ പറയുന്ന സമ്മതപത്രവും വിശ്വസ്തതാ പ്രതിജ്ഞയും സഭാ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്.

പ്രതിനിധിമണ്ഡലമോ സഭാ കൗൺസിലോ ആവശ്യപ്പെടുന്നതനുസരിച്ച് ട്രസ്റ്റുമുതലുകളുടെ തുകയും സ്ഥിതിയും സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ നൽകുന്നതിന് ട്രസ്റ്റികൾക്കു ചുമതല ഉണ്ടായിരിക്കും.

ഈ വകുപ്പിൽ പറയുന്ന രേഖകൾ അതതു കാലത്തെ സഭാ സെക്രട്ടറി ഭദ്രമായി സൂക്ഷിക്കേണ്ടതും പ്രസ്തുത രേഖകൾ, സ്ഥാനം ഒഴിയുമ്പോൾ പുതുതായി സ്ഥാനം ഏൽക്കുന്ന സഭാ സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്. ഈ വകുപ്പിൽ പറയുന്ന എല്ലാ രേഖകളും ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

## വകുപ്പ് 99

പ്രതിനിധിമണ്ഡലത്തിന്റെ അനുമതിയോടുകൂടിയല്ലാതെ ട്രസ്റ്റുവക യാതൊരു സ്ഥാവരവസ്തുക്കളും വില്ക്കുന്നതിനോ ഒറ്റിയായോ പണയമായോ നൽകുന്നതിനോ സഭവക സ്ഥിരനിക്ഷേപങ്ങൾ കൈമാറ്റം ചെയ്യുന്നതിനോ ട്രസ്റ്റികൾക്കു അധികാരമുണ്ടായിരിക്കുന്നതല്ല. കമ്പനികളിൽനിന്ന് കിട്ടുന്ന ആദായവീതം, സ്ഥിരനിക്ഷേപങ്ങളുടെ പലിശ മുതലായ മറ്റു മുതലുകളെപ്പറ്റി ട്രസ്റ്റികൾക്കു സഭാകൗൺസിലിന്റെ അതതു കാലത്തെ നിർദ്ദേശമനുസരിച്ചു നടപടികൾ നടത്താവുന്നതാണ്.

ട്രസ്റ്റ്വക സ്വത്തുക്കളിൽ പുതിയ പദ്ധതികളോ, നിർമ്മാണ പ്രവർത്തനങ്ങളോ നടത്തുന്നതിന് അടിയന്തിര സാഹചര്യങ്ങളിൽ ഒഴികെ സഭാ പ്രതിനിധി മണ്ഡലത്തിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കേണ്ടതാണ്. ആവശ്യമായ പരിസ്ഥിതി പഠനവും നടത്തേണ്ടതാണ്.

## വകുപ്പ് 104

പ്രതിനിധിമണ്ഡലത്തിന്റെ വാർഷികയോഗം ആണ്ടുതോറും കൗൺസിൽ നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും കൂടേണ്ടതാണ്. വാർഷിക യോഗത്തിന്റെ സ്ഥലം, സമയം, ആലോചനാ വിഷയങ്ങൾ എന്നിവയെപ്പറ്റി സെക്രട്ടറി യോഗത്തീയതിക്കു ഒരു മാസം മുമ്പു എല്ലാ അംഗങ്ങൾക്കും ഇടവകകൾക്കും രേഖാമൂലം വിജ്ഞാപനം കൊടുക്കേണ്ടതാണ്. ആണ്ടുതോറും കൂടുന്ന പ്രതിനിധി മണ്ഡലത്തിൽ സഭയുടെ വാർഷിക റിപ്പോർട്ടും കണക്കും ബഡ്ജറ്റും സമർപ്പിക്കേണ്ടതാണ്.

ഈ വകുപ്പിൽ അനുശാസിക്കുന്ന പ്രകാരം സഭാപ്രതിനിധി മണ്ഡലം വിളിച്ചുകൂട്ടുന്നതിനോ യോഗമായി ഒരു സ്ഥലത്ത് സമ്മേളിക്കുന്നതിനോ സഭയുടെ ഔദ്യോഗിക ഭാരവാഹികൾ, സഭാ കൗൺസിൽ, എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡ്, വൈദിക തിരഞ്ഞെടുപ്പ് കമ്മിറ്റി എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതിനോ അസാദ്ധ്യമായ സാഹചര്യം ഉണ്ടായാൽ, ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി, എപ്പിസ്കോപ്പൽ സിനഡിന്റെ ആലോചനയോടുകൂടി പ്രസ്തുത സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനോ പകരം ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനോ ആവശ്യമെങ്കിൽ ഓൺലൈനിലൂടെ സഭാപ്രതിനിധി മണ്ഡലം കൂടുന്നതിനോ പോസ്റ്റൽ, ഓൺലൈൻ/ ഡിജിറ്റൽ സംവിധാനത്തിലൂടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനോ സഭാകൗൺസിലിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഈ വകുപ്പിൽ എന്തെല്ലാം പറഞ്ഞിരുന്നാലും പ്രതിനിധി മണ്ഡലത്തെ എപ്പോഴെങ്കിലും വിളിച്ചുകൂട്ടുന്നതിനു മെത്രാപ്പോലീത്തായ്ക്കു സ്വതഃസിദ്ധമായ അധികാരമുണ്ടായിരിക്കും.

## വകുപ്പ് 137

ഏതെങ്കിലും അംഗത്തിന് സഭയ്ക്കു അടിയന്തര പ്രാധാന്യമുള്ള ഏതെങ്കിലും സംഗതികളെപ്പറ്റി അടിയന്തര പ്രമേയം അവതരിപ്പിക്കണമെങ്കിൽ, അദ്ധ്യക്ഷന്റെ അനുവാദം അതത് ദിവസത്തെ മണ്ഡലയോഗം ആരംഭിക്കുന്നതിനു മുൻപ് വാങ്ങിയ ശേഷം മാത്രം അവതരിപ്പിക്കേണ്ടതാണ്.

## വകുപ്പ് 138A

സഭാ പ്രതിനിധി മണ്ഡലത്തിൽ നടക്കുന്ന അദ്ധ്യക്ഷപ്രസംഗം, ചോദ്യോത്തരങ്ങൾ, വാർഷിക റിപ്പോർട്ട്, വരവ് ചെലവ് കണക്കുകൾ, ബഡ്ജറ്റ് എന്നിവ സംബന്ധിച്ചുള്ള ചർച്ചകൾ, പഠന വിഷയം, മറ്റ് പ്രമേയങ്ങൾ എന്നിവയിലടങ്ങിയിരിക്കുന്ന വസ്തുതകൾ സഭാ കൗൺസിൽ വിശദമായി പഠന വിഷയമാക്കേണ്ടതും അതിന്മേൽ സഭാ കൗൺസിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ തുടർന്നുവരുന്ന മണ്ഡലത്തിന്റെ വാർഷിക റിപ്പോർട്ടിൽ ചേർക്കേണ്ടതുമാണ്.

## വകുപ്പ് 145

ഭദ്രാസന അസംബ്ലി തെരഞ്ഞെടുപ്പ് സംബന്ധിച്ചു, ഭരണഘടനയുടെ അദ്ധ്യായം 11 ൽ അനുശാസിക്കുന്ന തെരഞ്ഞെടുപ്പു വിജ്ഞാപനം, ഭരണഘടനയുടെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന B(1) മാതൃകയിലുള്ള നാമനിർദ്ദേശപത്രികകൾ സമർപ്പിക്കേണ്ട അവസാന തീയതി, സമയം, സ്ഥലം, നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തുന്ന തീയതി, സമയം, സ്ഥലം, നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാന തീയതി, സമയം, പോളിംഗ് നടക്കുന്ന തീയതി, സമയം, സ്ഥലം, വോട്ടുകളെണ്ണി തിട്ടപ്പെടുത്തി ഫലം പ്രഖ്യാപിക്കുന്ന തീയതി, സമയം, സ്ഥലം, സ്ഥാനാർത്ഥി യോഗ്യത, വരണാധികാരി, പോളിംഗ് ഓഫീസർ, ഭരണഘടനയുടെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന B(3) മാതൃകയിലുള്ള ബാലറ്റ് പേപ്പർ, തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം എന്നിവയെ ബാധിക്കുന്ന നിബന്ധനകൾ ആവശ്യപ്പെട്ട ഭേദഗതികളോടുകൂടി (Mutatis Mutandis) പ്രതിനിധി മണ്ഡല തെരഞ്ഞെടുപ്പിനും ബാധകമായിരിക്കുന്നതാണ്.

## വകുപ്പ് 146
തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ നിർദ്ദിഷ്ട B(5) ഫോറത്തിൽ 7 ദിവസത്തിനകം വികാരി സഭാ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്.

## വകുപ്പ് 147
തെരഞ്ഞെടുപ്പു നടത്തുന്നതിന് മെത്രാപ്പോലീത്തായുടെ കല്പന കിട്ടിയാലുടൻ, അംഗീകൃത സ്ഥാപനകൾ തങ്ങളുടെപ്രതിനിധികളെ തെരഞ്ഞെടുത്ത് പ്രസ്തുത പേരുകൾ സഭാ സെക്രട്ടറിയെ 7 ദിവസത്തിനകം അറിയിക്കേണ്ടതാണ്.

## വകുപ്പ് 149
മേൽപ്രകാരം പ്രതിജ്ഞ ഒപ്പിട്ടു സമർപ്പിക്കുവാൻ വിസമ്മതിക്കുന്ന ഏതൊരംഗത്തിനും തൽസ്ഥാനത്തിനുള്ള അവകാശം അതുമൂലം നഷ്ടപ്പെടുന്നതും തുടർന്നു 125-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന പ്രകാരം പകരം അംഗത്തെ തെരഞ്ഞെടുക്കുകയോ നിർദ്ദേശിക്കുകയോ നിയമിക്കുകയോ ചെയ്യേണ്ടതുമാണ്. സത്യപ്രതിജ്ഞാ വാചകം ഒപ്പിടാൻ വിസമ്മതിച്ച അംഗത്തിന് തുടർന്നുവരുന്ന രണ്ടു തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെടാൻ അവകാശം ഇല്ലാത്തതുമാകുന്നു.

## വകുപ്പ് 154
അംഗങ്ങളുടെ തെരഞ്ഞെടുപ്പും നിയമനവും കഴിഞ്ഞാൽ അവരുടെ പേരുകൾ സഭാ ഓഫീസിലെ നോട്ടീസ് ബോർഡിലും കഴിയുമെങ്കിൽ വെബ്സൈറ്റിലും പരസ്യപ്പെടുത്തേണ്ടതാണ്.

## വകുപ്പ് 155
മണ്ഡലാംഗങ്ങളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച ഹർജികൾ വരണാധികാരി ഫലപ്രഖ്യാപനം നടത്തി 15 ദിവസത്തിനകം സഭാ ആഫീസിൽ സഭാ സെക്രട്ടറിയുടെ മുൻപാകെയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ആളിന്റെ മുൻപാകെയോ സമർപ്പിക്കേണ്ടതാണ്.

## വകുപ്പ് 157
ഓരോ തെരഞ്ഞെടുപ്പു ഹർജിയോടും കൂടി അഞ്ഞൂറു രൂപാ ഫീസായി അടയ്ക്കേണ്ടതാണ്. പ്രസ്തുത തുക യാതൊരു കാരണവശാലും തിരികെ കൊടുക്കുന്നതല്ല.

## വകുപ്പ് 159
ഹർജിയിൽ തീരുമാനമാകുന്നതിന് മുമ്പ് ഏത് ഘട്ടത്തിലും മെത്രാപ്പോലീത്തായുടെ തീരുമാനത്തിനു വിധേയമായി ഹർജി നൽകിയ ആളിന് ഹർജി പിൻവലിക്കാവുന്നതാണ്. അപ്രകാരം ഹർജി പിൻവലിക്കപ്പെട്ടാൽ ഹർജി ആവശ്യത്തിന്മേൽ തുടർ നടപടികൾ പാടില്ല.

## വകുപ്പ് 160
ഹർജി നൽകിയ ആളിന്റെ മരണംമൂലം ഹർജി അവസാനിച്ചതായി ഗണിക്കപ്പെടും. എന്നാൽ ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന വിഷയം സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് മെത്രാപ്പോലീത്തായ്ക്ക് ബോധ്യമായാൽ അപ്രകാരം അന്വേഷണം നടത്തി മെത്രാപ്പോലീത്തായ്ക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്.

## വകുപ്പ് 164 (1) (b)
മൂന്നോ അതിലധികമോ കൗൺസിൽ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെടേണ്ട ഭദ്രാസനങ്ങളിൽ നിന്നും ഒരു പട്ടക്കാരനും അത്മായ പ്രതിനിധികളായി ഒരു പുരുഷനും ഒരു സ്ത്രീയും തെരഞ്ഞെടുക്കപ്പെട്ടിരിക്കണം. നാലോ അതിലധികമോ അംഗങ്ങൾ തെരഞ്ഞെടുക്കപ്പെടേണ്ട ഭദ്രാസനങ്ങളിൽ നാലാമത്തെ അംഗം ശേഷിക്കുന്ന അത്മായ സ്ഥാനാർത്ഥികളിൽ ഏറ്റവും കൂടുതൽ വോട്ട് ലഭിച്ച ആളും, അഞ്ചാമത്തെ അംഗം, പട്ടക്കാരും അത്മായരും ഉൾപ്പെടെ ശേഷിക്കുന്ന സ്ഥാനാർത്ഥികളിൽ ഏറ്റവും കൂടുതൽ വോട്ടു ലഭിച്ച ആളും ആയിരിക്കും.

സഭയുടെ സുവിശേഷ പ്രവർത്തനങ്ങൾ മൂലം സഭാംഗങ്ങളായി തീർന്നിട്ടുള്ളവരിൽനിന്ന് അഞ്ച് പേർ സഭാ കൗൺസിലിൽ ഉണ്ടായിരിക്കേണ്ടതാണ്. അവരിൽ രണ്ടുപേർ സ്ത്രീകൾ ആയിരിക്കണം. അങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നില്ല എങ്കിൽ ഏറ്റവും കൂടുതൽ ശതമാനം വോട്ടു ലഭിച്ച ആളിനെയോ ആളുകളെയോ ഒരു ഭദ്രാസനത്തിൽ നിന്നും ഒന്നിൽ കൂടാതെവണ്ണം മെത്രാപ്പോലീത്താ നിയമിക്കേണ്ടതാണ്.

## വകുപ്പ് 164 C (1)
സഭാ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച ഹർജികൾ പ്രസ്തുത തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനം നടത്തി പത്തു ദിവസത്തിനകം സഭാ ആഫീസിൽ സഭാ സെക്രട്ടറിയുടെ മുമ്പാകെയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ആളിന്റെ മുമ്പാകെയോ സമർപ്പിക്കാവുന്നതാണ്.

## വകുപ്പ് 164 C (2)
ഭദ്രാസനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെപ്പറ്റിയുള്ള തെരഞ്ഞെടുപ്പ് ഹർജി അതാത് ഭദ്രാസനത്തിലെ പ്രസ്തുത തെരഞ്ഞെടുപ്പിലെ മണ്ഡലാംഗങ്ങൾക്ക് മാത്രമേ സമർപ്പിക്കുന്നതിന് അവകാശമുണ്ടായിരിക്കുകയുള്ളൂ.

## വകുപ്പ് 164 C (3)
ഓരോ തെരഞ്ഞെടുപ്പ് ഹർജിയോടുംകൂടി അഞ്ഞൂറ് രൂപ ഫീസായി അടയ്ക്കേണ്ടതാണ്. ഈ തുക യാതൊരു കാരണവശാലും തിരികെ ലഭിക്കുന്നതല്ല.

## വകുപ്പ് 164 C (4)
ഓരോ തെരഞ്ഞെടുപ്പ് ഹർജിയും ഹാജരാക്കുമ്പോൾ ഹർജിയോടൊപ്പം ഹർജി നൽകിയ ആളിന്റെ സത്യവാങ്മൂലവും ഹാജരാക്കേണ്ടതാണ്.

## വകുപ്പ് 164 C (5)
തെരഞ്ഞെടുപ്പു ഹർജിയും സത്യവാങ്മൂലവും സഭാ സെക്രട്ടറി മുമ്പാകെ സമർപ്പിക്കുന്നത് അസൗകര്യം എന്നു കണ്ടാൽ ഭദ്രാസന വികാരി ജനറാളിന്റെയോ ഭദ്രാസന സെക്രട്ടറിയുടെയോ ഭദ്രാസന എപ്പിസ്കോപ്പ ചുമതലപ്പെടുത്തുന്ന ആളിന്റെയോ മുമ്പാകെ സമർപ്പിക്കാവുന്നതും ഇപ്രകാരം സമർപ്പിക്കപ്പെട്ട ഹർജി സ്വീകരിച്ച ആൾ, ഹർജിയും സത്യവാങ്മൂലവും ഹർജി നൽകിയ ആൾ അടച്ച അഞ്ഞൂറ് രൂപയും മൂന്നു ദിവസത്തിനകം സഭാ സെക്രട്ടറിക്ക് രേഖാമൂലം അയച്ചു കൊടുക്കേണ്ടതുമാണ്. ഹർജി നൽകിയ ആൾ ഹർജിയുടെ പകർപ്പ് ഹർജി സമർപ്പിക്കുന്ന ദിവസം സഭാ സെക്രട്ടറിക്ക് അയച്ചു കൊടുക്കേണ്ടതാണ്.

## വകുപ്പ് 164 C (6)
തെരഞ്ഞെടുപ്പ് ഹർജികൾ വിചാരണ ചെയ്ത് തീരുമാനം എടുക്കുന്നതിന് മണ്ഡല കാലാവധിക്കനുസൃതമായി എപ്പിസ്കോപ്പൽ സിനഡ് നിയമിക്കുന്ന നിയമജ്ഞരുൾപ്പെടെ മൂന്നിൽ കുറയാതെ അംഗങ്ങളുള്ള ഒരു തെരഞ്ഞെടുപ്പു ട്രിബ്യൂണൽ ഉണ്ടായിരിക്കേണ്ടതും ട്രിബ്യൂണലിന്റെ റിപ്പോർട്ട് മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കേണ്ടതും ആയതിന്മേൽ മെത്രാപ്പോലീത്ത കൈക്കൊള്ളുന്ന തീരുമാനം അന്തിമം ആയിരിക്കുന്നതുമാണ്. തിരഞ്ഞെടുപ്പ് ഹർജി വിചാരണ ചെയ്ത് തീരുമാനം കഴിവതും ആറ് മാസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ്.

## വകുപ്പ് 164 C (7)
ഒരു ഹർജി വിചാരണ ആരംഭിക്കുന്നതിന് മുമ്പായി ഹർജി പിൻവലിക്കുന്നതിന് ഹർജി നൽകിയ ആളിന് അവകാശമുണ്ടായിരിക്കുന്നതാണ്. അപ്രകാരം ഹർജി പിൻവലിക്കപ്പെട്ടാൽ ഹർജി ആവശ്യത്തിന്മേൽ തുടർ നടപടികൾ പാടില്ല.

## വകുപ്പ് 164 C (8)
ഹർജി നൽകിയ ആളിന്റെ മരണം മൂലം ഹർജി അവസാനിച്ചതായി പരിഗണിക്കപ്പെടാവുന്നതാണ്. എന്നാൽ ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന വിഷയം സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് മെത്രാപ്പോലീത്തായ്ക്ക് ബോധ്യമായാൽ മേൽ 6-ാം ഉപവകുപ്പ് പ്രകാരം അന്വേഷണം നടത്തി മെത്രാപ്പോലീത്തായ്ക്ക് തീരുമാനം കൈക്കൊള്ളാവുന്നതാണ്.

## വകുപ്പ് 164 C (9)
തെരഞ്ഞെടുപ്പുഫലത്തെ സാരമായി ബാധിക്കുന്ന ആൾമാറാട്ടമോ, കൈക്കൂലിയോ, പ്രേരണയോ, ഭീഷണിയോ ഒരു നാമനിർദ്ദേശപത്രികയുടെ തെറ്റായ സ്വീകരണമോ, നിരാകരണമോ തെരഞ്ഞെടുപ്പു ഫലത്തെ സാരമായി ബാധിക്കുന്ന മറ്റെന്തെങ്കിലും കാരണങ്ങളോ, നടപടിക്രമങ്ങളിലെ വീഴ്ചകളോ ഒരു തെരഞ്ഞെടുപ്പ് അസാധുവാക്കുന്നതിനു മതിയായ കാരണമായിരിക്കും.

## വകുപ്പ് 166
കൗൺസിലിന്റെയും സഭാസെക്രട്ടറി, സഭാട്രസ്റ്റികൾ എന്നീ ഔദ്യോഗിക സ്ഥാനങ്ങളുടെയും മണ്ഡലം തെരഞ്ഞെടുക്കുന്ന കമ്മിറ്റികളുടെയും കാലാവധി പുതു മണ്ഡലത്തിന്റെ തെരഞ്ഞെടുപ്പു കഴിഞ്ഞു കൂടുന്ന ആദ്യ വാർഷിക യോഗത്തിനു (Session) ശേഷം ആരംഭിച്ച് അടുത്ത പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് കൂടുന്ന പുതിയ മണ്ഡലത്തിന്റെ ആദ്യ വാർഷിക യോഗത്തിന്റെ (Session) അവസാനംവരെ ആയിരിക്കുന്നതാണ്. നിലവിലുള്ള ഔദ്യോഗിക സ്ഥാനികൾക്കും ഇതര കൗൺസിൽ അംഗങ്ങൾക്കും പുതിയ മണ്ഡലത്തിൽ അംഗത്വമില്ലെങ്കിലും, ഔദ്യോഗിക സ്ഥാനികളും കൗൺസിൽ അംഗങ്ങളും എന്ന നിലയിൽ അവർക്ക് പുതുമണ്ഡലത്തിന്റെ ആദ്യ വാർഷിക യോഗത്തിന്റെ (Session) അവസാനം വരെ പങ്കെടുക്കാവുന്നതാണ്. എന്നാൽ അങ്ങനെയുള്ളവർക്ക് മണ്ഡലത്തിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

# അദ്ധ്യായം 10
# ഭദ്രാസന/സോണൽ ഭരണം

## വകുപ്പ് 187
നിർവ്വചനങ്ങൾ:- പത്തുമുതൽ പതിനഞ്ചുവരെയുള്ള അദ്ധ്യായങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങളുടെ നിർവ്വചനം താഴെ വരുന്ന പ്രകാരമായിരിക്കും.

(i) ഭദ്രാസനം/ സോൺ: സഭയുടെ കാര്യക്ഷമമായ ദൗത്യ നിർവ്വഹണത്തിനുവേണ്ടി സഭയിലെ വിവിധ ഇടവകകളെ ഓരോ സെന്ററുകളാക്കി തിരിച്ച്, പ്രസ്തുത ഇടവകകളുമായി ബന്ധപ്പെട്ട സഭയുടെ അംഗീകൃത സംഘടനകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും നടത്തിപ്പിനായി ഒരു ഭദ്രാസന അദ്ധ്യക്ഷന്റെ ചുമതലയിൽ കൊണ്ടുവരുന്ന പ്രവർത്തനമേഖല.

(ii) അസംബ്ലി: അസംബ്ലി എന്നത് ഭദ്രാസന / സോണൽ അസംബ്ലി.

(iii) കൗൺസിൽ: കൗൺസിൽ എന്നത് ഭദ്രാസന / സോണൽ കൗൺസിൽ.

(iv) ഭദ്രാസനാദ്ധ്യക്ഷൻ: ഭദ്രാസനാദ്ധ്യക്ഷൻ എന്നതു ഭദ്രാസന/ സോണൽ ഭരണം നിർവ്വഹിക്കുന്നതിന് ഭദ്രാസനാദ്ധ്യക്ഷനായി അതതു കാലത്ത് നിയോഗിക്കപ്പെടുന്ന എപ്പിസ്കോപ്പാ.

(v) സഹായ എപ്പിസ്കോപ്പാ: സഹായ എപ്പിസ്കോപ്പാ എന്നതു ഭദ്രാസനാദ്ധ്യക്ഷനെ ഭരണ നിർവ്വഹണത്തിൽ സഹായിക്കുന്നതിനു അതതു കാലത്തു നിയമിതനാകുന്ന എപ്പിസ്കോപ്പാ.

(vi) വികാരി ജനറാൾ: വികാരി ജനറാൾ എന്നത് ഭദ്രാസന/സോണൽ ഭരണ നിർവ്വഹണ ദൗത്യത്തിൽ ഭദ്രാസന അദ്ധ്യക്ഷനെ സഹായിക്കുന്നതിന് അതതു കാലത്ത് നിയമിക്കപ്പെടുന്ന വികാരി ജനറാൾ.

## വകുപ്പ് 188
ഒരു ഭദ്രാസനത്തിന്റെ/ സോണിന്റെ കാര്യക്ഷമമായ ഭരണത്തിനു ഒരു അസംബ്ലിയും/ സോണൽ അസംബ്ലിയും, അസംബ്ലിയുടെ/ സോണൽ അസംബ്ലിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ എപ്പിസ്കോപ്പായെ സഹായിക്കുന്നതിനും അദ്ദേഹത്തിനു ഉപദേശം നൽകുന്നതിനും അസംബ്ലി/ സോണൽ അസംബ്ലി അംഗങ്ങളിൽ നിന്നും അവരാൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു കൗൺസിലും/ സോണൽ കൗൺസിലും ഉണ്ടായിരിക്കുന്നതാണ്.

എന്നാൽ കേരളത്തിനു വെളിയിലുള്ള ഭദ്രാസനങ്ങളുടെ പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് അവയുടെ ഭരണ നിർവ്വഹണത്തിനു സഹായകരമായ ക്രമീകരണങ്ങൾ സഭാകൗൺസിലിന്റെ ആലോചനയോടും എപ്പിസ്കോപ്പൽ സിനഡിന്റെ അനുമതിയോടും കൂടി ഏർപ്പെടുത്തുന്നതിനു അതതു ഭദ്രാസനങ്ങളുടെ ചുമതല വഹിക്കുന്ന ഭദ്രാസന എപ്പിസ്കോപ്പായ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ ഏർപ്പെടുത്തുന്ന ഭരണക്രമീകരണ തീരുമാനങ്ങൾ അടുത്തുകൂടുന്ന പ്രതിനിധിമണ്ഡലയോഗത്തിൽ റിപ്പോർട്ടു ചെയ്ത് അംഗീകാരം വാങ്ങേണ്ടതാണ്.

## വകുപ്പ് 189

അസംബ്ലിയുടെ അംഗങ്ങൾ താഴെപ്പറയുന്നവരായിരിക്കും.

(i) ഭദ്രാസനത്തിൽ താമസിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്ന ശെമ്മാശന്മാർ ഉൾപ്പെടെയുള്ള പട്ടത്ത സ്ഥാനികൾ.

(ii) പിൻവരുന്ന വ്യവസ്ഥകളനുസരിച്ചു ഭദ്രാസനത്തിലെ ഇടവകകളിൽനിന്നു തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ.

(iii) സഭയുടെ സൺഡേസ്കൂൾ സമാജം, യുവജനസഖ്യം, സുവിശേഷ സേവികാ സംഘം, സന്നദ്ധ സുവിശേഷക സംഘം, ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രഡ് മ്യൂസിക് & കമ്മ്യൂണിക്കേഷൻസ്, സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ്, ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് എന്നീ അംഗീകൃത സ്ഥാപനകളുടെ പ്രതിനിധികൾ, അതത് കാലങ്ങളിൽ സഭാപ്രതിനിധി മണ്ഡലം അംഗീകരിക്കുന്ന സ്ഥാപനകളുടെ പ്രതിനിധികൾ.

(iv) സഭയുടെ സുവിശേഷ പ്രവർത്തനങ്ങളുടെ ഫലമായി സഭാംഗങ്ങളായി തീർന്നിട്ടുള്ള ആളുകളുടെ പ്രതിനിധികൾ.

(v) എപ്പിസ്കോപ്പായാൽ നിയമിക്കപ്പെടുന്നവർ.

## വകുപ്പ് 193

500 അംഗങ്ങൾ വരെയുള്ള ഇടവകകൾക്ക് ഒന്നും, 501 മുതൽ 1500 അംഗങ്ങൾ വരെയുള്ളവയ്ക്ക് രണ്ടും, 1501 മുതൽ 3000 അംഗങ്ങൾ വരെയുള്ളവയ്ക്ക് മൂന്നും, 3001 മുതൽ 5000 അംഗങ്ങൾ വരെയുള്ളവയ്ക്കു നാലും, 5000 ത്തിനുമേൽ അംഗങ്ങളുള്ള ഇടവകകൾക്ക് അഞ്ചും പ്രതിനിധികളെ ഭദ്രാസന അസംബ്ലിയിലേക്ക് അയയ്ക്കുന്നതിനു അവകാശമുണ്ടായിരിക്കും. എന്നാൽ ഒന്നിൽ കൂടുതൽ പ്രതിനിധികളെ അയയ്ക്കുന്ന ഇടവകകളിൽ നിന്ന് മൂന്ന് പ്രതിനിധികൾ വരെ കുറഞ്ഞത് ഒരു സ്ത്രീയും മൂന്നിൽ കൂടുതൽ പ്രതിനിധികൾ എങ്കിൽ കുറഞ്ഞത് രണ്ട് സ്ത്രീകളും ഉണ്ടായിരിക്കേണ്ടതാണ്.

## വകുപ്പ് 205

ഭദ്രാസന/സോണൽ അസംബ്ലി ഒരു സെക്രട്ടറിയേയും ഒരു ട്രഷറാറെയും (ഖജാൻജി) തെരഞ്ഞെടുക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന ട്രഷറാർ ചുമതലയിൽ പ്രവേശിക്കുന്നതിന് മുമ്പ് ഭരണഘടനയുടെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന മാതൃകയിൽ ഒരു സമ്മതപത്രം എഴുതി ഒപ്പിട്ട് ഭദ്രാസന എപ്പിസ്കോപ്പായ്ക്ക് നൽകേണ്ടതാണ്.

സാധാരണയായി ഭദ്രാസന/സോണൽ അസംബ്ലിയുടെ സെക്രട്ടറിയും ട്രഷറാറും കൗൺസിലിന്റെയും, ഭദ്രാസന/സോണൽ അസംബ്ലി അംഗങ്ങളാൽ രൂപീകരിക്കപ്പെടുന്ന ട്രസ്റ്റുകളുടെയും സൊസൈറ്റികളുടെയും മറ്റ് സ്ഥാപനങ്ങളുടെയും സെക്രട്ടറിയും ട്രഷറാറും ആയിരിക്കുന്നതാണ്.

## വകുപ്പ് 212

മേൽ വകുപ്പുകളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും അസംബ്ലി/സോണൽ അസംബ്ലി എപ്പോഴെങ്കിലും വിളിച്ചു കൂട്ടുന്നതിനു എപ്പിസ്കോപ്പായ്ക്കു അധികാരമുണ്ട്.

## വകുപ്പ് 220

വാർഷിക റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ള ഏതെങ്കിലും സംഗതികളെക്കുറിച്ചോ, വരവു ചെലവു കണക്ക് ബാലൻസ്ഷീറ്റ് ഇവ സംബന്ധിച്ചോ റിപ്പോർട്ടു വർഷത്തിൽ ഭദ്രാസനത്തിൽ നടന്നതോ ഭദ്രാസനത്തെ സംബന്ധിക്കുന്നതോ ആയ ഏതെങ്കിലും സംഭവത്തെക്കുറിച്ചോ സെക്രട്ടറിയോടു ചോദ്യവും ഉപചോദ്യവും ചോദിക്കുന്നതിനും അംഗങ്ങൾക്ക് അവകാശമുണ്ടായിരിക്കും.

## വകുപ്പ് 244

സ്വയമായി വോട്ടു രേഖപ്പെടുത്തുവാൻ കഴിവില്ലാത്തവർ, ആവശ്യപ്പെടുന്നപക്ഷം, സമ്മതിദായകർ നിർദ്ദേശിക്കുന്നവർക്ക് വോട്ടു രേഖപ്പെടുത്താൻ ഇടവകസംഘാംഗമായ ഒരാളുടെ സഹായം ഉപയോഗിക്കാവുന്നതാണ്. അത് സംബന്ധിച്ച് മുൻകൂട്ടി സത്യവാങ്മൂലം വരണാധികാരിക്ക് നൽകേണ്ടതാണ്. പ്രസ്തുത സഹായിക്ക് ഒന്നിൽ കൂടുതൽ സമ്മതിദായകർക്ക് വേണ്ടി വോട്ടു രേഖപ്പെടുത്തുവാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.

## വകുപ്പ് 246

വോട്ടിംഗ് കഴിഞ്ഞാലുടൻ വരണാധികാരി വോട്ടുകളെണ്ണി തിട്ടപ്പെടുത്തി ഫലപ്രഖ്യാപനം നടത്തേണ്ടതും തെരഞ്ഞെടുപ്പു നടപടികളും ഫലവും ഇടവകസംഘ നടപടി പുസ്തകത്തിൽ രേഖപ്പെടുത്തി, വരണാധികാരിയും വികാരിയും ഒപ്പുവയ്ക്കേണ്ടതും വികാരി സാക്ഷ്യപ്പെടുത്തിയ അതിന്റെ ശരിപകർപ്പ് ഭദ്രാസന എപ്പിസ്കോപ്പായ്ക്ക് അംഗീകാരത്തിനായി അയയ്ക്കേണ്ടതും തെരഞ്ഞെടുപ്പു ഫലം ഭരണഘടനയുടെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന B(4) മാതൃകയിൽ ഉള്ള ഫോറത്തിൽ രേഖപ്പെടുത്തി നോട്ടീസ് ബോർഡിൽ പതിക്കേണ്ടതുമാണ്.

## വകുപ്പ് 247

വോട്ടുകൾ എണ്ണുന്ന സ്ഥലത്തു സ്ഥാനാർത്ഥിക്കോ സ്ഥാനാർത്ഥി നിർദ്ദേശിക്കുന്ന ഇടവകസംഘാംഗത്തിനോ പ്രവേശനാനുവാദം ഉണ്ടായിരിക്കുന്നതാണ്.

## വകുപ്പ് 248

പോളിംഗ് ഓഫീസറുടെ ഒപ്പില്ലാത്തതോ ആവശ്യമുള്ളതിലധികം സ്ഥാനാർത്ഥികൾക്കു വോട്ടു രേഖപ്പെടുത്തിയിട്ടുള്ളതോ ആർക്കാണ് വോട്ടു ചെയ്തിരിക്കുന്നതെന്നു നിശ്ചയിക്കാൻ സാദ്ധ്യമല്ലാത്തതോ വോട്ടു രേഖപ്പെടുത്തിയിരിക്കുന്ന സമ്മതിദായകരാരെന്നു വെളിപ്പെടുത്തുന്നതോ ആയ ബാലറ്റു പേപ്പറുകൾ അസാധുവായിരിക്കും.

## വകുപ്പ് 250

തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകളും ബാലറ്റു പേപ്പറുകളും അവയുടെ കൗണ്ടർ ഫോയിലുകളും സമ്മതിദായകരുടെ ഒപ്പു രേഖപ്പെടുത്തിയിട്ടുള്ള സമ്മതിദായക ലിസ്റ്റും ഭദ്രമായി സീൽ ചെയ്ത് വരണാധികാരി ഇടവക വികാരിയെ ഏല്പിക്കേണ്ടതും തെരഞ്ഞെടുപ്പ് ഹർജിയോ കോടതി വ്യവഹാരമോ ഉണ്ടായാൽ ആയത് തീർപ്പാകുന്നതുവരെ വികാരി സൂക്ഷിക്കേണ്ടതുമാണ്.

## വകുപ്പ് 251

തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരു വിവരം വികാരി, ഭരണഘടനയുടെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന B(5) മാതൃകയിലുള്ള ഫോറത്തിൽ രേഖപ്പെടുത്തി ഭദ്രാസന ആഫീസിലേക്ക് 7 ദിവസത്തിനകം അയച്ചു കൊടുക്കേണ്ടതാണ്.

## വകുപ്പ് 252

തെരഞ്ഞെടുപ്പു നടത്തണമെന്നു കാണിച്ചുള്ള കല്പന പുറപ്പെട്ടാൽ കഴിയും വേഗത്തിൽ അംഗീകൃത സ്ഥാപനകൾ, അവരുടെ പ്രതിനിധികളെ തെരഞ്ഞെടുത്ത് പ്രതിനിധികളുടെ പേരുവിവരം ഭദ്രാസന എപ്പിസ്കോപ്പായ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്.

## വകുപ്പ് 254

ഈ സത്യപ്രതിജ്ഞ ഒപ്പിടുവാൻ വിസമ്മതിക്കുന്ന ഏതൊരംഗത്തിനും തൽസ്ഥാനത്തിനുള്ള അവകാശം തന്മൂലം നഷ്ടപ്പെടുന്നതാണ്. തുടർന്ന് പുതിയ തെരഞ്ഞെടുപ്പു നടത്തുന്നതിന് ആ അംഗത്തെ തെരഞ്ഞെടുത്ത ഇടവകയോടോ/സ്ഥാപനയോടോ എപ്പിസ്കോപ്പാ ആജ്ഞാപിക്കേണ്ടതും നിർദ്ദേശിതനോ നിയമിതനോ ആണെങ്കിൽ പകരം ആളിനെ നിർദ്ദേശിക്കുകയോ നിയമിക്കുകയോ ചെയ്യേണ്ടതുമാണ്. സത്യപ്രതിജ്ഞാ വാചകം ഒപ്പിടാൻ വിസമ്മതിച്ച അംഗത്തിന് തുടർന്നുവരുന്ന രണ്ടു തെരഞ്ഞെടുപ്പിൽ തെരഞ്ഞെടുക്കപ്പെടാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല.

## വകുപ്പ് 259

അംഗങ്ങളുടെ തെരഞ്ഞെടുപ്പും നിയമനവും കഴിഞ്ഞാൽ അംഗങ്ങളുടെ പേരുവിവരം ഭദ്രാസന ഓഫീസിൽ എല്ലാവരും കാണത്തക്കവിധം നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്.

## വകുപ്പ് 260

അസംബ്ലി തെരഞ്ഞെടുപ്പ് സംബന്ധിച്ച ഹർജികൾ വരണാധികാരി ഫല പ്രഖ്യാപനം നടത്തി പതിനഞ്ച് ദിവസത്തിനകം ഭദ്രാസന ആഫീസിൽ ഭദ്രാസന അദ്ധ്യക്ഷന്റെയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ആളിന്റെയോ മുൻപാകെ ബോധിപ്പിക്കേണ്ടതാണ്.

## വകുപ്പ് 261

അതതു ഇടവകകളുടെ ഇടവക സംഘാംഗ രജിസ്റ്ററിൽ പേരുള്ളവർക്ക് മാത്രമേ പ്രസ്തുത ഇടവകയിലെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഹർജി ബോധിപ്പിക്കുന്നതിന് അവകാശമുണ്ടായിരിക്കുകയുള്ളൂ. സംഘടനകളുടെ സമ്മതിദായക പട്ടികയിൽ അംഗമായിട്ടുള്ളവർക്കു മാത്രമേ പ്രസ്തുത സംഘടനയിലെ തെരഞ്ഞെടുപ്പ് ചോദ്യം ചെയ്യുന്നതിന് അവകാശം ഉണ്ടായിരിക്കുകയുള്ളൂ.

## വകുപ്പ് 262

ഓരോ തെരഞ്ഞെടുപ്പു ഹർജിയോടുമൊപ്പം അഞ്ഞൂറ് രൂപാ അടയ്ക്കേണ്ടതാണ്. പ്രസ്തുത തുക യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

## വകുപ്പ് 264

ഹർജിയിൽ തീരുമാനമാകുന്നതിന് മുമ്പ് ഏതു ഘട്ടത്തിലും രേഖാമൂലം ഹർജി പിൻവലിക്കുന്നതിന് ഹർജി നൽകിയ ആളിന് അവകാശം ഉണ്ടായിരിക്കുന്നതാണ്. അപ്രകാരം ഹർജി പിൻവലിക്കപ്പെട്ടാൽ ഹർജി ആവശ്യത്തിന്മേൽ തുടർ നടപടികൾ പാടില്ല.

## വകുപ്പ് 265

ഹർജി നൽകിയ ആളിന്റെ മരണം ഹർജി വിചാരണയെ അവസാനിപ്പിക്കുന്നതാണ്. എന്നാൽ ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന വിഷയം സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് ഭദ്രാസന എപ്പിസ്കോപ്പായ്ക്ക് ബോധ്യമായാൽ അന്വേഷണം നടത്തി തീരുമാനം കൈക്കൊള്ളുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

# അദ്ധ്യായം 13
# ഭദ്രാസന/സോണൽ കൗൺസിൽ

## വകുപ്പ് 293 (1)

എപ്പിസ്കോപ്പൽ സിനഡ് അംഗീകരിക്കുകയും എപ്പിസ്കോപ്പാ കല്പനമൂലം പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന അസംബ്ലി നിശ്ചയങ്ങൾ നടപ്പിൽ വരുത്തുന്നതിനും ഭദ്രാസന ഭരണസംബന്ധമായ മറ്റുകാര്യങ്ങൾ ആലോചിച്ചു തീരുമാനിക്കുന്നതിനും, മറ്റുവിധത്തിൽ എപ്പിസ്കോപ്പായെ സഹായിക്കുന്നതിനും ഉപദേശം നൽകുന്നതിനും ഭദ്രാസന/ **സോണൽ** കൗൺസിൽ എന്ന പേരിനാൽ അറിയപ്പെടുന്ന ഒരു കൗൺസിൽ ഉണ്ടായിരിക്കുന്നതാണ്.

## വകുപ്പ് 293 (2)

കൗൺസിലിന്റെയും ഭദ്രാസന/സോണൽ സെക്രട്ടറി, ട്രഷറാർ എന്നീ ഔദ്യോഗിക സ്ഥാനികളുടെയും, അസംബ്ലി തെരഞ്ഞെടുക്കുന്ന കമ്മിറ്റികളുടെയും കാലാവധി പുതിയ അസംബ്ലിയുടെ തെരഞ്ഞെടുപ്പ് കഴിഞ്ഞ് കൂടുന്ന ആദ്യ വാർഷിക യോഗത്തിനു ശേഷം ആരംഭിച്ച് അടുത്ത പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞു കൂടുന്ന ആദ്യ വാർഷിക യോഗത്തിന്റെ അവസാനം വരെ ആയിരിക്കുന്നതാണ്. നിലവിലുള്ള ഔദ്യോഗികസ്ഥാനികൾക്കും ഇതര കൗൺസിൽ അംഗങ്ങൾക്കും പുതിയ അസംബ്ലിയിൽ

അംഗത്വമില്ലെങ്കിലും ഔദ്യോഗിക സ്ഥാനികളും കൗൺസിൽ അംഗങ്ങളും എന്ന നിലയിൽ അവർക്ക് പുതിയ അസംബ്ലിയുടെ ആദ്യ വാർഷിക യോഗത്തിൽ പങ്കെടുക്കാവുന്നതാണ്; എന്നാൽ അങ്ങനെയുള്ളവർക്ക് അസംബ്ലിയിൽ വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

## വകുപ്പ് 294 (3)

എപ്പിസ്കോപ്പാ ഭദ്രാസന/സോണൽ കൗൺസിലിന്റെ അദ്ധ്യക്ഷനും; സഹായ എപ്പിസ്കോപ്പായും വികാരി ജനറാളും ഉപാദ്ധ്യക്ഷന്മാരും അസംബ്ലിയുടെ സെക്രട്ടറി, ട്രഷറാർ എന്നിവർ കൗൺസിൽ/ സോണൽ കൗൺസിലിന്റെയും സെക്രട്ടറിയും ട്രഷറാറുമായിരിക്കുന്നതുമാണ്.

## വകുപ്പ് 295

ഓരോ പ്രാവശ്യവും കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവരിൽ 50% അംഗങ്ങൾ പുതിയ ആളുകളായിരിക്കേണ്ടതാണ്. തുടർച്ചയായി മൂന്നു പ്രാവശ്യം കൗൺസിലംഗമായിരുന്നവർ അടുത്തപ്രാവശ്യം കൗൺസിൽ സ്ഥാനാർത്ഥിയാകുവാൻ പാടില്ലാത്തതാകുന്നു.

## വകുപ്പ് 295 AA(1)

ഭദ്രാസനങ്ങളുടെ പുന:ക്രമീകരണഫലമായി, ഏതെങ്കിലും ഇടവകകൾ, പുതുതായി നിലവിൽ വരുന്നതോ, പുനർനിർണ്ണയം ചെയ്യപ്പെടുന്നതോ ആയ മറ്റൊരു ഭദ്രാസനത്തിൽ, ചേർക്കപ്പെടുന്നതിനിടയായാൽ, പ്രസ്തുത ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതോ, നിയമിക്കപ്പെട്ടിട്ടുള്ളതോ ആയ ഭദ്രാസന/ സോണൽ അസംബ്ലി അംഗങ്ങൾ, യഥാക്രമം പുതുതായി നിലവിൽ വരുന്നതോ, പുനർനിർണ്ണയിക്കപ്പെടുന്നതോ ആയ ഭദ്രാസനങ്ങളിലെ /സോണുകളിലെ അസംബ്ലി അംഗങ്ങളായി പരിഗണിക്കപ്പെടുന്നതാകുന്നു.

## വകുപ്പ് 295 AA(2)

മേൽ 1–ാം ഉപവകുപ്പിൽ വിവക്ഷിച്ചിട്ടുള്ള ഭദ്രാസന അസംബ്ലി/ സോണൽ അസംബ്ലി അംഗങ്ങളിൽ ആർക്കെങ്കിലും, പുന:ക്രമീകരണത്തിന് മുമ്പ് നിലവിലിരുന്ന ഭദ്രാസന/സോണൽ കൗൺസിലിൽ, അംഗത്വം ഉണ്ടായിരുന്നെങ്കിൽ, അവർ പുതുതായി നിലവിൽ വരുന്നതോ, പുനർനിർണ്ണയിക്കപ്പെടുന്നതോ, ആയ ഭദ്രാസനത്തിലെ/ സോണിലെ കൗൺസിലംഗങ്ങളായി, പരിഗണിക്കപ്പെടുന്നതും, പ്രസ്തുത ഭദ്രാസന/സോണൽ കൗൺസിലിന്റെ കാലാവധി തീരുന്നതുവരെ, പ്രസ്തുത അംഗത്വം തുടരുന്നതുമാകുന്നു.

## വകുപ്പ് 295 AA(3)

മേൽ 1–ാം ഉപവകുപ്പിന്റെ പ്രയോഗഫലമായി ഏതെങ്കിലും ഭദ്രാസന/ സോണൽ കൗൺസിലിൽ, 294–ാം വകുപ്പ്, 2–ാം ഉപവകുപ്പിൽ വിവക്ഷിക്കുന്നതിൽ കൂടുതൽ അംഗസംഖ്യ ഉണ്ടാകുന്നതിനിടയായാലും, മേൽപ്പറഞ്ഞ പ്രത്യേക സാഹചര്യങ്ങളിൽ, നിലവിലുള്ള ഭദ്രാസന/സോണൽ കൗൺസിലിന്റെ കാലാവധി അവസാനിക്കുന്നതുവരെ, അങ്ങനെയുള്ള അധിക അംഗസംഖ്യ നിയമാനുസൃതമായി തുടരുന്നതാണ്.

## വകുപ്പ് 299

കൗൺസിൽ സാധാരണയായി മൂന്നുമാസത്തിലൊരിക്കൽ കൂടുന്നതാണ്.
യോഗം കൂടുന്നതിനു പത്തുദിവസം മുമ്പ് കൗൺസിൽ അംഗങ്ങൾ എല്ലാവർക്കും സെക്രട്ടറി രേഖാമൂലം നോട്ടീസ് കൊടുക്കേണ്ടതും അതിൽ യോഗതീയതി, സമയം, സ്ഥലം, അജണ്ട എന്നിവ കാണിച്ചിരിക്കേണ്ടതുമാണ്.

## വകുപ്പ് 303

കൗൺസിൽ യോഗത്തിൽ ആലോചിക്കേണ്ട വിഷയങ്ങൾ കാണിച്ചു സെക്രട്ടറി ഒരു അജൻഡാ തയ്യാറാക്കിയിരിക്കേണ്ടതും അതിന്റെ പകർപ്പ് നോട്ടീസോടുകൂടി ഓരോ അംഗത്തിനും അയച്ചുകൊടുക്കേണ്ടതുമാണ്.

## വകുപ്പ് 305

കൗൺസിൽ അംഗങ്ങളല്ലാത്ത ഭദ്രാസനത്തിലെ അംഗങ്ങളിൽ ആർക്കെങ്കിലും ഭദ്രാസനസംബന്ധമായ ഏതെങ്കിലും വിഷയം കൗൺസിലിന്റെ ആലോചനയ്ക്ക് വിഷയീഭവിക്കണമെന്നുണ്ടായിരുന്നാൽ അതു കൗൺസിൽ കൂടുന്നതിനുള്ള നിശ്ചിത തീയതിക്കു പതിന്നാല് ദിവസങ്ങൾക്ക് മുമ്പ് സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതും സെക്രട്ടറി ആ വിഷയം എപ്പിസ്കോപ്പായുടെ അനുമതിയോടുകൂടി കൗൺസിലിൽ അവതരിപ്പിക്കേണ്ടതുമാണ്.

## വകുപ്പ് 311

തുടർന്ന് മുൻ യോഗത്തിന്റെ മിനിറ്റ്സ് വായിച്ചു സ്ഥിരപ്പെടുത്തേണ്ടതുമാണ്. മിനിട്സിൽ ഏതെങ്കിലും ഭേദഗതികൾ വരുത്തേണ്ടതായി വന്നാൽ ആയതു ഒരു പ്രമേയമായി അവതരിപ്പിക്കേണ്ടതും ഭൂരിപക്ഷം അനുകൂലിക്കുന്ന പക്ഷം അന്നത്തെ യോഗത്തിന്റെ മിനിറ്റ്സിൽ ചേർക്കേണ്ടതുമാണ്.

## വകുപ്പ് 315

യോഗനടപടികൾ അദ്ധ്യക്ഷൻ നിയന്ത്രിക്കുന്നതും അദ്ധ്യക്ഷന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. യോഗത്തിന്റെ മിനിറ്റ്സ് അതത് കൗൺസിൽ യോഗത്തിൽ വായിച്ച് പാസ്സാക്കേണ്ടതാണ്.

## വകുപ്പ് 316

കൗൺസിൽ അംഗങ്ങൾ അദ്ധ്യക്ഷനെ നോക്കി ബഹുമാനപുരസ്സരം സംസാരിക്കേണ്ടതാണ്. ഒരു സമയം ഒന്നിലധികം പേർ സംസാരിച്ചു കൂടാത്തതും ഒരാൾ സംസാരിക്കുമ്പോൾ മറ്റൊരാൾ ഇടയ്ക്കുകയറി പറയുകയോ തടസ്സപ്പെടുത്തുകയോ ചെയ്തുകൂടാത്തതുമാണ്.

## വകുപ്പ് 317
കൗൺസിൽ അംഗങ്ങൾക്ക് അറിയേണ്ട സംഗതികൾ സെക്രട്ടറിയോടു ചോദിക്കാവുന്നതും ചോദ്യങ്ങൾക്ക് സെക്രട്ടറി ഉത്തരം നൽകേണ്ടതുമാണ്.

## വകുപ്പ് 317 A
ഭദ്രാസന/സോണൽ സെക്രട്ടറി, ട്രഷറാർ എന്നിവർ ഭദ്രാസന/സോണൽ അസംബ്ലിയിലോ ഭദ്രാസന/ സോണൽ കൗൺസിലിലോ, ഭദ്രാസന/സോണൽ അസംബ്ലി അംഗങ്ങളാൽ രൂപീകരിക്കപ്പെടുന്ന ട്രസ്റ്റുകളിലോ സൊസൈറ്റികളിലോ, ഇതര സ്ഥാപനങ്ങളിലോ നിർവ്വഹിക്കേണ്ട ചുമതലകളിൽ എന്തെങ്കിലും വീഴ്ചകൾ വരുത്തിയതായോ മറ്റെന്തെങ്കിലും ക്രമക്കേടുകൾ നടത്തിയിട്ടുള്ളതായോ ഭദ്രാസന അദ്ധ്യക്ഷനോ കൗൺസിലിനോ ബോധ്യമായാൽ, ഭദ്രാസന എപ്പിസ്കോപ്പായുടെ വിശദമായ റിപ്പോർട്ടോടുകൂടി പ്രസ്തുത വിവരം മെത്രാപ്പോലീത്തായെ അറിയിക്കേണ്ടതും ആവശ്യമെങ്കിൽ മെത്രാപ്പോലീത്താ നിയമിക്കുന്ന ഒരു കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി, ട്രഷറാർ എന്നിവരെ കേട്ടതിനു ശേഷം ആവശ്യമായ ശിക്ഷണ നടപടികൾ എടുക്കുന്നതിന് മെത്രാപ്പോലീത്തായ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതും, പ്രസ്തുത തീരുമാനം ഭദ്രാസന എപ്പിസ്കോപ്പായ്ക്ക് അയച്ചു കൊടുക്കേണ്ടതും ബന്ധപ്പെട്ട ചുമതലക്കാരെ രേഖാമൂലം അറിയിച്ച് ഭദ്രാസന എപ്പിസ്കോപ്പാ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാകുന്നു. മെത്രാപ്പോലീത്തായുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

## വകുപ്പ് 322 B (1)
സഭയുടെ സുവിശേഷ പ്രവർത്തനത്തിന്റെ ഫലമായി, ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്ന വ്യക്തികൾക്കും കുടുംബങ്ങൾക്കും, അവരുൾക്കൊള്ളുന്ന പ്രദേശത്ത് സഭയുടെ ഇടവകകൾ നിലവിലുണ്ടെങ്കിൽ, ഭരണഘടനയുടെ മറ്റു പ്രസക്ത വകുപ്പുകൾക്ക് വിധേയമായി, അതത് സ്ഥലങ്ങളിലെ സർക്കാർ നിയമങ്ങളനുസരിച്ച് പ്രസ്തുത ഇടവകകളിൽ തന്നെ അംഗത്വം നൽകേണ്ടതാണ്.

## വകുപ്പ് 322 B (2)
സഭയുടെ ഇടവകകൾ നിലവിലില്ലാത്ത പ്രദേശങ്ങളിൽ, പുതുതായി സഭയോടു ചേരുവാൻ ആഗ്രഹിക്കുന്ന വിശ്വാസികളെ ഭദ്രാസന എപ്പിസ്കോപ്പായുടെ അനുമതിയോടുകൂടി, സഭയുടെ നടപടിക്രമങ്ങൾ പാലിച്ച് പട്ടക്കാരൻ സഭയോട് ചേർക്കേണ്ടതാണ്. അവർക്ക് വിശുദ്ധ സംസർഗ്ഗവും മറ്റ് ആവശ്യമായ ഇടയ ശുശ്രൂഷകളും ക്രമീകരിച്ചു നൽകുന്നത് പ്രസ്തുത പട്ടക്കാരന്റെ ചുമതലയിൽ ഉൾപ്പെടുന്നതാണ്.
പ്രസ്തുത സഭാംഗങ്ങളുടെ പേരുവിവരപട്ടിക മേൽ 318-ാം വകുപ്പിൽ വിവക്ഷിക്കുന്ന ഇടവക രജിസ്റ്ററിന്റെ മാതൃകയിൽ, ബന്ധപ്പെട്ട പട്ടക്കാരന്റെ ചുമതലയിൽ സൂക്ഷിക്കേണ്ടതാണ്.

## വകുപ്പ് 323
**പ്രാർത്ഥനായോഗങ്ങൾ**
ഇടവകയുടെ ആത്മീയവും ലൗകികവുമായ കാര്യങ്ങളുടെ നിർവ്വഹണത്തിന് സാധാരണയായി സ്ഥലസൗകര്യമനുസരിച്ച് കഴിവതും സമീപമുള്ള കുടുംബങ്ങളെയും വ്യക്തികളെയും ഉൾപ്പെടുത്തി ഇടവകയെ കൈസ്ഥാനസമിതി പ്രാർത്ഥനായോഗങ്ങളായി തിരിക്കേണ്ടതാണ്.

## വകുപ്പ് 327
ഒരു പ്രാർത്ഥനായോഗത്തിൽ നിന്നും മറ്റൊരു പ്രാർത്ഥനായോഗത്തിലേക്കു മാറണമെങ്കിൽ ആദ്യപ്രാർത്ഥനായോഗത്തിലേക്കുള്ള ബാദ്ധ്യതകൾ തീർത്ത ശേഷവും, വികാരിയുടെ അനുമതിയോടുകൂടെയും ആയിരിക്കേണ്ടതാണ്.

## വകുപ്പ് 328
ഓരോ പ്രാർത്ഥനായോഗത്തിലെ വരവു ചെലവ് കണക്ക് വർഷാവസാനത്തിൽ പ്രാർത്ഥനായോഗത്തിൽ അവതരിപ്പിച്ചു പാസ്സാക്കേണ്ടതും വരവു ചെലവു കണക്കിന്റെ ഒരു പകർപ്പ് ചുമതലക്കാരുടെ ഒപ്പോടുകൂടി വികാരിക്കു സമർപ്പിക്കേണ്ടതുമാണ്.

## ഇടവക ചുമതലക്കാർ
## വകുപ്പ് 329
ഇടവക ചുമതലക്കാരായി നിയമിക്കപ്പെടുന്ന ഒരു വികാരിയും, ആവശ്യാനുസരണം സഹപട്ടക്കാരും, ഇടവകയാൽ തെരഞ്ഞെടുക്കപ്പെടുന്നവരും ഭദ്രാസന എപ്പിസ്കോപ്പായോ അദ്ദേഹത്തിനുവേണ്ടി വികാരി ജനറാളോ സ്ഥിരപ്പെടുത്തുന്നവരുമായ രണ്ടിൽ കവിയാതെ ഉപാദ്ധ്യക്ഷരും, രണ്ടു ട്രസ്റ്റികളും (മുതൽ ചുമതല ഉള്ള ആളും കണക്കു ചുമതല ഉള്ള ആളും) ഒരു സെക്രട്ടറിയും രണ്ടിൽ കവിയാതെ അത്മായ ശുശ്രൂഷകരും ഉണ്ടായിരിക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ ഉപാദ്ധ്യക്ഷർ തെരഞ്ഞെടുക്കപ്പെടുന്ന ഇടവകകളിൽ ഒരാളെങ്കിലും സ്ത്രീ ആയിരിക്കേണ്ടതാണ്. ട്രസ്റ്റിമാരായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 24 വയസ് പൂർത്തിയായിരിക്കേണ്ടതാണ്.

## ട്രസ്റ്റികൾ
## വകുപ്പ് 330
ട്രസ്റ്റികളെ ഒരു വർഷത്തേക്കു തെരഞ്ഞെടുക്കേണ്ടതും തെരഞ്ഞെടുപ്പിനു ഭദ്രാസന എപ്പിസ്കോപ്പായോ അദ്ദേഹത്തിനു വേണ്ടി വികാരിജനറാളോ അനുമതി നൽകിയതിനുശേഷം ട്രസ്റ്റികളെ കൊണ്ടു വികാരി സമ്മതപത്രം എഴുതിച്ച് എപ്പിസ്കോപ്പായ്ക്കു സമർപ്പിക്കേണ്ടതും അവിടെനിന്നു നിയമനത്തെ സ്ഥിരപ്പെടുത്തി അയയ്ക്കുന്ന കല്പന പള്ളിയിൽ പരസ്യം ചെയ്യേണ്ടതും അതിനുശേഷം മാത്രം പുതിയ ട്രസ്റ്റികൾ ചുമതലയിൽ പ്രവേശിക്കേണ്ടതും ആണ്.

ഭരണഘടന അനുസരിച്ചും സമ്മതപത്രത്തിലെ വ്യവസ്ഥകൾ പ്രകാരവും മുൻ വർഷത്തെ ട്രസ്റ്റികളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും ബാദ്ധ്യതകളും നിലനിർത്തിക്കൊണ്ട്, ഭരണഘടനയിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി പുതുവർഷത്തെ ഇടവക ട്രസ്റ്റികളെ സാമ്പത്തിക വർഷാരംഭം മുതൽ ഭദ്രാസന അദ്ധ്യക്ഷന്റെ അംഗീകാരത്തോടെ ചുമതലയിൽ പ്രവേശിപ്പിക്കേണ്ടതാണ്.

മുൻവർഷത്തെ കൈസ്ഥാന സമിതിയുടെ തുടർന്നുള്ള മീറ്റിംഗുകളിൽ പുതിയ ഇടവക ട്രസ്റ്റിമാരെ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുപ്പിക്കേണ്ടതാണ്.

### വകുപ്പ് 331

കാലാവധിക്കുള്ളിൽ എപ്പോഴെങ്കിലും, തൽസ്ഥാനത്ത് നിന്ന് രാജിവയ്ക്കുന്നതിനു ട്രസ്റ്റികൾക്കു അവകാശമുള്ളതും, ഇടവക സംഘത്തിനോ ഭദ്രാസന എപ്പിസ്ക്കോപ്പായ്ക്കോ അവരെ നീക്കുന്നതിന് അധികാരുമുള്ളതും അങ്ങനെ ചെയ്യുന്നത് ട്രസ്റ്റ് ഉടമ്പടി വ്യവസ്ഥകളനുസരിച്ചു വേണ്ടതുമാണ്. തുടർച്ചയായി മൂന്നുവർഷത്തിൽ കൂടുതൽ ഒരാളെ ട്രസ്റ്റിയായി തെരഞ്ഞെടുത്തു കൂടാത്തതാണ്. ഇടവക സംഘം ചേർന്ന് തെരഞ്ഞെടുപ്പു നടത്തുന്നതു അസാദ്ധ്യമെന്നു ഭദ്രാസന എപ്പിസ്കോപ്പായ്ക്കു ബോധ്യമായാൽ ഇടവകയുടെ സാമ്പത്തിക സംരക്ഷണത്തിനു വേണ്ടി ആ ഇടവക സംഘാംഗങ്ങളിൽ നിന്നു രണ്ടു ട്രസ്റ്റികളെ നിയമിച്ച് അടുത്ത തെരഞ്ഞെടുപ്പുവരെ ഭരണം നടത്തിക്കാവുന്നതാണ്.

### വകുപ്പ് 334

ഇടവകസംഘത്തിന്റെ വർഷാവസാനയോഗത്തിൽ ഓഡിറ്റ് ചെയ്ത വരവു ചെലവു കണക്കും ബാലൻസ്ഷീറ്റും നിശ്ചിതഫാറത്തിൽ സമർപ്പിക്കുന്നതിനു മുതൽ ചുമതല വഹിക്കുന്ന ആളും കണക്കു ചുമതല വഹിക്കുന്ന ആളും ഒറ്റയായും കൂട്ടായും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

## സെക്രട്ടറി

### വകുപ്പ് 335

ഇടവകസംഘവും സഭയും ഭദ്രാസനവും നിർദ്ദേശിക്കുന്ന റെക്കോർഡുകൾ സൂക്ഷിക്കുന്നതിനും ഇടവകയ്ക്കുവേണ്ടി കത്തിടപാടുകൾ നടത്തുന്നതിനും കൈസ്ഥാനസമിതിയുടെയും ഇടവകസംഘത്തിന്റെയും മിനിറ്റ്സുകൾ എഴുതി സൂക്ഷിക്കുന്നതിനും ഇടവകസംഘത്തിന്റെ വാർഷികയോഗത്തിൽ റിപ്പോർട്ടു ഹാജരാക്കുന്നതിനും സെക്രട്ടറി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

### വകുപ്പ് 335 A

ഇടവക വികാരിയുടെ നിർദ്ദേശാനുസരണം കൈസ്ഥാന സമിതിയും ഇതര കമ്മിറ്റികളും കൈസ്ഥാന സമിതിയുടെ തീരുമാനപ്രകാരം ഇടവകസംഘവും വിളിച്ചു കൂട്ടുന്നതിന് സെക്രട്ടറി ബാദ്ധ്യസ്ഥനായിരിക്കും. വികാരിയുടെ നിർദ്ദേശാനുസരണം സെക്രട്ടറിക്ക് ആരാധന മദ്ധ്യേ പരസ്യങ്ങളും പ്രസ്താവനകളും നടത്താവുന്നതുമാണ്.

### വകുപ്പ് 335 B

സെക്രട്ടറിയുടെ അഭാവത്തിൽ കൈസ്ഥാന സമിതി വിളിച്ചു കൂട്ടുന്നതിന് വികാരിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ അപ്രകാരം കൂടുന്ന കൈസ്ഥാന സമിതിയിൽ ഒരു റെക്കോർഡിംഗ് സെക്രട്ടറിയെ തിരഞ്ഞെടുക്കേണ്ടതും ഇപ്രകാരം കൈസ്ഥാന സമിതി കൂടാൻ ഉണ്ടായ സാഹചര്യം മിനിറ്റ്സിൽ രേഖപ്പെടുത്തേണ്ടതുമാണ്. സെക്രട്ടറിയുടെ തുടർസേവനം ലഭിക്കാതെ വരികയും ഇടവകസംഘം വിളിച്ചു കൂട്ടേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്താൽ സെക്രട്ടറിയുടെ ചുമതലകൾ താൽക്കാലികമായി നിർവ്വഹിക്കുന്നതിന് കൈസ്ഥാന സമിതിയിൽ നിന്നും ഒരാളെ ചുമതലപ്പെടുത്താവുന്നതും പ്രസ്തുത വിവരം ഭദ്രാസന എപ്പിസ്കോപ്പായെ അറിയിച്ച് അനുമതി വാങ്ങിയ ശേഷം പുതുതായി താൽക്കാലിക ചുമതല നൽകുന്ന സെക്രട്ടറിക്ക് കൈസ്ഥാന സമിതിയുടെ തീരുമാനപ്രകാരം ഇടവകസംഘം വിളിച്ചു കൂട്ടാവുന്നതുമാണ്. ഇടവക സംഘം കൂടി പുതിയ സെക്രട്ടറിയെ തെരഞ്ഞെടുക്കുന്നതുവരെ താൽക്കാലിക ചുമതലയുള്ള സെക്രട്ടറിക്ക് തുടരാവുന്നതാണ്.

### വകുപ്പ് 336

## അത്മായ ശുശ്രൂഷകർ

ശുശ്രൂഷകളിൽ പട്ടക്കാരനെ സഹായിക്കുന്നതിനും പട്ടക്കാരൻ ഹാജരില്ലാത്ത ദിവസങ്ങളിൽ ശുശ്രൂഷ നടത്തുന്നതിനും, സഭാ ഭരണഘടന വകുപ്പ് (13) ൽ പറയുന്ന യോഗ്യതയുള്ള, രണ്ടിൽ കവിയാതെ ആളുകളെ ലിംഗഭേദമെന്യേ അത്മായശുശ്രൂഷകരായി ഇടവകസംഘം തെരഞ്ഞെടുക്കേണ്ടതും, അതിനു ഭദ്രാസന എപ്പിസ്കോപ്പായുടെയോ, അദ്ദേഹത്തിനുവേണ്ടി വികാരിജനറാളിന്റെയോ അനുമതി ലഭിച്ചിരിക്കേണ്ടതുമാണ്.

പ്രത്യേക സാഹചര്യങ്ങളിൽ ലിംഗഭേദമെന്യേ അത്മായ ശുശ്രൂഷകരെ ഭദ്രാസന എപ്പിസ്കോപ്പായ്ക്കു നേരിട്ടു നിയമിക്കാവുന്നതും അങ്ങനെ നിയമിക്കപ്പെടുന്ന അത്മായ ശുശ്രൂഷകരും 329-ാം വകുപ്പിൽ വിവക്ഷിക്കുന്ന ഇടവക ചുമതലക്കാരിൽ ഉൾപ്പെടുന്നതുമാണ്.

### വകുപ്പ് 338

വികാരി ഇടവകസംഘത്തിന്റെ അദ്ധ്യക്ഷനും നിയമിതരായ സഹപട്ടക്കാർ, ഇടവകസംഘത്താൽ തെരഞ്ഞെടുക്കപ്പെടുന്ന അത്മായ ഉപാദ്ധ്യക്ഷർ എന്നിവർ ഉപാദ്ധ്യക്ഷരും ആയിരിക്കും. ഇടവകസംഘത്തിന്റെ ഏതു യോഗത്തിലും വികാരിയോ വികാരി ഹാജരില്ലാതിരുന്നാൽ വികാരി നിർദ്ദേശിക്കുന്ന വൈദിക ഉപാദ്ധ്യക്ഷനോ, വൈദിക ഉപാദ്ധ്യക്ഷന്മാർ ഇല്ലാതെ വന്നാൽ വികാരി നിർദ്ദേശിക്കുന്ന അത്മായ ഉപാദ്ധ്യക്ഷരിൽ ഒരാളോ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്. വികാരി ഒരാളെ നിർദ്ദേശിക്കാതിരുന്നാൽ വൈദിക ഉപാദ്ധ്യക്ഷന്മാരിൽ നിന്നോ, അവരുടെ അഭാവത്തിൽ അത്മായ ഉപാദ്ധ്യക്ഷരിൽ നിന്നോ ഇടവക സംഘം ഒരാളിനെ തെരഞ്ഞെടുത്ത് യോഗം നടത്താവുന്നതാണ്.

### വകുപ്പ് 340

ഇടവകസംഘം സാധാരണയായി കൈസ്ഥാനസമിതി നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും കൂടേണ്ടതാണ്. ഒന്ന് ഫെബ്രുവരി മാസം (നടപ്പു സാമ്പത്തിക വർഷത്തിന്റെ പതിനൊന്നാം മാസം) അവസാന തീയതിക്കകമായിരിക്കേണ്ടതും ആ യോഗത്തിൽ വച്ചു പുതുവർഷത്തേക്കുള്ള അത്മായ ഉപാദ്ധ്യക്ഷർ, മുതൽ ചുമതല വഹിക്കുന്ന ആൾ, കണക്കു ചുമതല വഹിക്കുന്ന ആൾ, അത്മായ ശുശ്രൂഷകർ, സെക്രട്ടറി, മറ്റു കൈസ്ഥാനസമിതി അംഗങ്ങൾ, കണക്കു പരിശോധകർ എന്നിവരെ തെരഞ്ഞെടുക്കേണ്ടതുമാണ്. മറ്റൊന്ന് വാർഷിക യോഗമായി മെയ് മാസം (പുതിയ സാമ്പത്തിക വർഷത്തിന്റെ രണ്ടാം മാസം) അവസാനിക്കുന്നതിനുമുമ്പ് ആയിരിക്കേണ്ടതും, അന്ന് മുൻവർഷത്തെ റിപ്പോർട്ടും, ഓഡിറ്റു ചെയ്ത വരവ് ചെലവ് കണക്കും, ബാലൻസ് ഷീറ്റും പുതുവർഷത്തേക്കുള്ള ബഡ്ജറ്റും സമർപ്പിക്കേണ്ടതുമാണ്.

സ്ഥാനമൊഴിയുന്ന ട്രസ്റ്റികൾ സ്ഥാനമേല്ക്കുന്ന ട്രസ്റ്റികളെ കണക്കിൻ പ്രകാരമുള്ള പണവും രസീതു ബുക്കുകളും, ചെക്കുബുക്കുകളും സ്ഥാനം ഒഴിയുന്ന സമയത്തും, ബാക്കിയുള്ള കണക്കു പുസ്തകങ്ങളും രസീതുബുക്കുകളും ഇടവകവസ്തുക്കളുടെ ആധാരങ്ങളും, 366 വകുപ്പ് 10 മുതൽ 13A വരെ ക്രമനമ്പറുകളിൽ പറയുന്ന രജിസ്റ്ററുകളും മറ്റു റെക്കാർഡുകളും വാർഷിക ഇടവക സംഘത്തിന്റെ മിനിറ്റ്സ് ഭദ്രാസന അദ്ധ്യക്ഷൻ അംഗീകരിച്ച് നൽകുന്ന മുറയ്ക്ക് കൈസ്ഥാന സമിതിയിൽ വെച്ച് ഏൽപിക്കേണ്ടതും കൈമാറിയ രേഖകളുടെ വിവരങ്ങൾ മിനിറ്റ്സിൽ ചേർക്കേണ്ടതുമാണ്.

## വകുപ്പ് 340 (1)

ഫെബ്രുവരി അവസാന തീയതിക്കകം കൂടുന്ന ഇടവക സംഘത്തിനു നോട്ടീസ് ആദ്യമായി പരസ്യപ്പെടുത്തുമ്പോൾ പ്രാർത്ഥനായോഗങ്ങളുടെയും മറ്റു സ്ഥാപനങ്ങളുടെയും പ്രതിനിധികളെ അതതു സ്ഥാപനങ്ങൾ അവരുടെ നിയമാവലി അനുസരിച്ച് തെരഞ്ഞെടുത്ത് ഇടവക സെക്രട്ടറിയെ അറിയിച്ചിരിക്കേണ്ടതാണെന്ന് പ്രസ്താവിച്ചിരിക്കേണ്ടതും അപ്രകാരം തെരഞ്ഞെടുത്ത് അറിയിക്കാത്തപക്ഷം മേൽപ്പറഞ്ഞ സ്ഥാനങ്ങളിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുത്ത് നിയമിക്കുന്നതിന് വാർഷിക ഇടവകസംഘത്തിനു അധികാരമുണ്ടായിരിക്കുന്നതുമാണ്.

## വകുപ്പ് 340 (2)

മുൻവർഷത്തെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവു ചെലവു കണക്കും ബാലൻസ്ഷീറ്റും ബഡ്ജറ്റും സമർപ്പിക്കുന്ന വാർഷിക ഇടവക സംഘയോഗ നടപടികൾ പൂർത്തീകരിക്കുന്നതുവരെ മുൻ വർഷത്തെ കൈസ്ഥാനസമിതി അധികാരത്തിൽ തുടരുന്നതാണ്. മെയ്മാസം അവസാനിക്കുന്നതിനു മുൻപ് കൂടുന്ന വാർഷിക ഇടവകസംഘത്തിൽ പ്രാർത്ഥനായോഗ പ്രതിനിധികളുടെയും സംഘടനകളുടെ പ്രതിനിധികളുടെയും നിയമാവലിപ്രകാരം നടത്തിയിട്ടുള്ള തെരഞ്ഞെടുപ്പുകൾ സെക്രട്ടറി റിപ്പോർട്ട് ചെയ്ത് ആയത് അംഗീകരിക്കേണ്ടതും, എന്നാൽ മേൽപറഞ്ഞ ഏതെങ്കിലും സ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് നടത്തേണ്ടതായിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥാനങ്ങളിലേക്ക് മാത്രം ബന്ധപ്പെട്ട നിയമാവലി പ്രകാരം പ്രതിനിധികളെ തെരഞ്ഞെടുത്ത് നിയമിച്ച് പുതിയ കൈസ്ഥാന സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പ് ഇടവകസംഘം പൂർത്തീകരിക്കേണ്ടതുമാണ്. ചുമതലയൊഴിയുന്ന സെക്രട്ടറി ഇടവക റിക്കാർഡുകളും മിനിറ്റ്സ് ബുക്കുകളും പുതുതായി ചുമതലയേൽക്കുന്ന സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

## വകുപ്പ് 340 (3)

മുൻവർഷത്തെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവു ചെലവു കണക്കും ബാലൻസ് ഷീറ്റും ബഡ്ജറ്റും മെയ് മാസം അവസാനിക്കുന്നതിന് മുമ്പ് ഇടവകസംഘത്തിൽ സമർപ്പിക്കുന്നതിന് കൈസ്ഥാന സമിതി വീഴ്ചവരുത്തിയാൽ ജൂൺ ഒന്ന് മുതൽ പുതിയ കൈസ്ഥാന സമിതിയെ ഭദ്രാസന എപ്പിസ്കോപ്പായുടെ അനുമതിയോടുകൂടി ചുമതലയിൽ പ്രവേശിപ്പിക്കേണ്ടതാണ്. മുൻവർഷത്തെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവു ചെലവു കണക്കും ബാലൻസ്ഷീറ്റും ബഡ്ജറ്റും പുതിയ കൈസ്ഥാനസമിതിയിലൂടെ ഇടവകസംഘത്തിൽ താമസംവിനാ സമർപ്പിക്കുന്നതിന് മുൻ ട്രസ്റ്റികളും സെക്രട്ടറിയും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

## വകുപ്പ് 340 (4)

മുൻവർഷത്തെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കും ബാലൻസ് ഷീറ്റും ബഡ്ജറ്റും മുൻ കൈസ്ഥാന സമിതിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിക്കാത്ത പക്ഷം, ആയത് മുൻ ട്രസ്റ്റികളും സെക്രട്ടറിയും പുതിയ കൈസ്ഥാന സമിതിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതും തുടർന്ന് പുതിയ കൈസ്ഥാന സമിതി ഇടവകസംഘം വിളിച്ചു കൂട്ടി മുൻവർഷത്തെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കും ബാലൻസ് ഷീറ്റും ബഡ്ജറ്റും മുൻവർഷത്തെ ചുമതലക്കാർതന്നെ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്.

## വകുപ്പ് 340 (5)

മുൻവർഷത്തെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കും ബാലൻസ് ഷീറ്റും ബഡ്ജറ്റും പുതിയ കൈസ്ഥാന സമിതിയിൽ സമർപ്പിക്കുന്നതിന് മുൻ ട്രസ്റ്റികളും സെക്രട്ടറിയും വീഴ്ച വരുത്തിയാൽ, കൈസ്ഥാന സമിതി തീരുമാനപ്രകാരം പ്രസ്തുത വിഷയങ്ങൾ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് വികാരി ഭദ്രാസന എപ്പിസ്കോപ്പായ്ക്ക് ജൂൺ മാസത്തിൽ തന്നെ നൽകേണ്ടതാണ്. തുടർന്ന് എപ്പിസ്കോപ്പായുടെ നിർദ്ദേശപ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. വീഴ്ച വരുത്തിയവർക്കെതിരെ യുക്തമായ ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ ഭദ്രാസന എപ്പിസ്കോപ്പായ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## വകുപ്പ് 340 (6)

വ്യത്യസ്ത സാമ്പത്തിക വർഷം നിലവിലുള്ള മറ്റ് രാജ്യങ്ങളിൽ ഈ വകുപ്പ് പ്രകാരമുള്ള തീയതികൾക്കു മാറ്റം വരുത്തുവാൻ എപ്പിസ്കോപ്പൽ സിനഡിന്റെ ആലോചനയോടെ ഭദ്രാസന എപ്പിസ്കോപ്പായ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## വകുപ്പ് 343

ഇടവകസംഘത്തിന്റെ മിനിറ്റ്സ് അതതു യോഗത്തിൽ അംഗീകരിച്ചു ഒപ്പുവെയ്ക്കേണ്ടതും മൂന്നു ദിവസത്തിനകം അതിന്റെ **പകർപ്പ്** ഭദ്രാസന എപ്പിസ്കോപ്പായ്ക്കു അയയ്ക്കേണ്ടതുമാണ്.

## വകുപ്പ് 344

ഇടവകസംഘത്തിന്റെ യാതൊരു തീരുമാനവും എപ്പിസ്കോപ്പായുടെയോ വികാരി ജനറാളിന്റെയോ രേഖാമൂലമായ അനുമതിയോടുകൂടിയല്ലാതെ നടപ്പിൽ വരുത്തിക്കൂടാത്തതാകുന്നു. തീരുമാനങ്ങൾ തടഞ്ഞുവെയ്ക്കുന്നതിനു എപ്പിസ്കോപ്പായ്ക്കു മാത്രം അധികാരം ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത ഇടവകസംഘ തീരുമാനങ്ങളിന്മേൽ വിശദീകരണം തേടിയശേഷം രണ്ട് മാസത്തിനകം എപ്പിസ്കോപ്പാ തീരുമാനമെടുത്ത് ഇടവകയെ അറിയിച്ചിരിക്കേണ്ടതാണ്.

## വകുപ്പ് 344 A

ഭദ്രാസനാദ്ധ്യക്ഷൻ സാമാന്യം ദീർഘകാലം ഭദ്രാസന കേന്ദ്രത്തിനു പുറത്തു പോകുവാൻ ഇടയാകുന്ന സാഹചര്യങ്ങളിൽ ആ ഭദ്രാസനത്തിലെ ഇടവകകളുടെ സുഗമമായ നടത്തിപ്പിനെ മുൻ നിർത്തി, വിവാഹ ലൈസൻസ്, ഇടവക ചുമതലക്കാരുടെ വാർഷിക തെരഞ്ഞെടുപ്പ്, ഇടവകസംഘം അംഗീകരിക്കുന്ന ഇടവകയുടെ വാർഷിക റിപ്പോർട്ട്, ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്ക്, ബാലൻസ്ഷീറ്റ്, തന്നാണ്ടത്തെ ബഡ്ജറ്റ് എന്നിവ മേൽ 329, 330, 344 എന്നീ വകുപ്പുകളിൽ വിവക്ഷിക്കുന്ന പ്രകാരം, ഭദ്രാസനാദ്ധ്യക്ഷനു വേണ്ടി, അംഗീകാരം നൽകുന്നതിന്, ഭദ്രാസന കേന്ദ്രത്തിലും, ഭദ്രാസനത്തെ സോണുകളായി തിരിച്ചിട്ടുണ്ടെങ്കിൽ, സോണുകളിലും വികാരി ജനറാളിനെയോ ഭദ്രാസന സെക്രട്ടറിയെയോ ഓരോ സീനിയർ പട്ടക്കാരനെയോ മെത്രാപ്പോലീത്തായുടെ അനുമതിയോടു കൂടി, ഭദ്രാസനാദ്ധ്യക്ഷന് നിയോഗിക്കാവുന്നതും അതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യാവുന്നതുമാണ്.

മേൽപ്രകാരമുള്ള ചുമതലകളുടെ നിർവ്വഹണത്തിൽ തർക്കങ്ങൾ ഉണ്ടാകുന്നതിനിടയായാൽ, നിയോഗിക്കപ്പെട്ട സീനിയർ പട്ടക്കാർ അങ്ങനെയുള്ള സംഗതികളിൽ സ്വയം തീരുമാനം കൈക്കൊള്ളുന്നതിനു പകരം മെത്രാപ്പോലീത്തായുടെ തീരുമാനത്തിനായി ബന്ധപ്പെട്ട രേഖകൾ സ്വന്തം റിപ്പോർട്ടോടുകൂടി സഭാ കേന്ദ്രത്തിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്.

നിയോഗിക്കപ്പെട്ട പട്ടക്കാർ തങ്ങൾ നിർവ്വഹിക്കുന്ന അംഗീകാര നടപടികൾ മാസം തോറും ഭദ്രാസന കേന്ദ്രത്തിലേക്ക് അയച്ചു കൊടുക്കേണ്ടതാണ്.

## വകുപ്പ് 347

ഇടവക സംഘാംഗങ്ങളിൽ ഇരുപത് ശതമാനമോ ആകെ അൻപത് അംഗങ്ങളോ ചേർന്ന് ഇടവക സംഘം ചേരാൻ വിഷയം കാണിച്ച് വികാരിയോട് രേഖാമൂലം ആവശ്യപ്പെട്ടാൽ കൈസ്ഥാന സമിതി ചേർന്ന് സ്ഥലവും തീയതിയും നിശ്ചയിച്ച് മുറപ്രകാരം നോട്ടീസ് കൊടുത്ത് ആ വിഷയം മാത്രം അജണ്ടയായി നിശ്ചയിച്ച് ഇടവക സംഘം വിളിച്ച് കൂട്ടേണ്ടതാണ്. കൈസ്ഥാന സമിതി യോഗം വിളിച്ചുകൂട്ടുന്നതിനുള്ള പ്രാരംഭ നടപടികൾ രണ്ടാഴ്ചയ്ക്കകം കൈക്കൊള്ളാതിരുന്നാൽ, അപേക്ഷിക്കുന്ന തീയതി മുതൽ മുപ്പത് ദിവസത്തിനകം വികാരി ഇടവക സംഘം വിളിച്ചുകൂട്ടേണ്ടതാണ്. വികാരിയും ഇടവക സംഘം വിളിച്ചു കൂട്ടാത്തപക്ഷം ഭദ്രാസനാദ്ധ്യക്ഷനെ അറിയിച്ച് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## വകുപ്പ് 350

വികാരി, സഹപട്ടക്കാർ, അത്മായ ഉപാദ്ധ്യക്ഷർ, ട്രസ്റ്റികൾ, അത്മായ ശുശ്രൂഷകർ, സെക്രട്ടറി, പ്രാർത്ഥനായോഗങ്ങളുടെ പ്രതിനിധികൾ, ഇടവകയിൽ പ്രവർത്തിക്കുന്ന അംഗീകൃത സ്ഥാപന പ്രതിനിധികൾ, ഭദ്രാസന അസംബ്ലി, സഭാ പ്രതിനിധിമണ്ഡലം ഇവയുടെ അംഗങ്ങൾ എന്നിവരെ കൂടാതെ സജീവ സേവനത്തിൽ നിന്നും വിരമിച്ച പട്ടക്കാരും ഭദ്രാസന അസംബ്ലി അംഗമെന്ന നിലയിൽ കൈസ്ഥാന സമിതിയിൽ അംഗമായിരിക്കുന്നതാണ്.

ഭദ്രാസന എപ്പിസ്കോപ്പായാൽ നിയമിക്കപ്പെടുന്ന അത്മായ ശുശ്രൂഷകരും കൈസ്ഥാന സമിതിയിൽ അംഗമായിരിക്കുന്നതാകുന്നു.

പ്രതിനിധി മണ്ഡലാംഗങ്ങളുടെയും ഭദ്രാസന അസംബ്ലി അംഗങ്ങളുടെയും കൈസ്ഥാനസമിതി അംഗത്വ കാലാവധി 78-ഉം 194-ഉം വകുപ്പിൽ വിവരിക്കുന്ന പ്രസ്തുത സഭകളുടെ കാലാവധി ആയിരിക്കും.

## വകുപ്പ് 351

**ഏതെങ്കിലും സാഹചര്യത്തിൽ ഇടവക ചുമതലക്കാരുടെയോ കൈസ്ഥാന സമിതി അംഗങ്ങളുടെയോ തെരഞ്ഞെടുപ്പിൽ വോട്ടിംഗ് ആവശ്യമായി വന്നാൽ അപ്പോൾ തന്നെ രഹസ്യ വോട്ടെടുപ്പിലൂടെ തെരഞ്ഞെടുപ്പ് നടത്താവുന്നതാണ്.**

## വകുപ്പ് 353

ഇടവകസംഘത്തിന്റെ ചുമതലക്കാർ തന്നെ കൈസ്ഥാനസമിതിയുടെയും ചുമതലക്കാരായിരിക്കും.

## വകുപ്പ് 354

കൈസ്ഥാനസമിതി അദ്ധ്യക്ഷന്റെ ആജ്ഞാനുസരണം സെക്രട്ടറി അയയ്ക്കുന്ന വിജ്ഞാപനം അനുസരിച്ചു ആണ്ടിൽ നാലുപ്രാവശ്യമെങ്കിലും കൂടേണ്ടതാണ്. കൈസ്ഥാന സമിതിയുടെ മിനിറ്റ്സ് അതാതു മീറ്റിംഗുകളിൽ പാസ്സാക്കിയിരിക്കേണ്ടതാണ്. കൈസ്ഥാന സമിതി കൈക്കൊണ്ട തീരുമാനങ്ങളുടെ ഒരു നടപടി റിപ്പോർട്ട് സെക്രട്ടറി അടുത്ത് കൂടുന്ന കൈസ്ഥാന സമിതിയിൽ അവതരിപ്പിക്കേണ്ടതാണ്. മുൻ തീരുമാനങ്ങളിൽ നടപടികൾ സ്വീകരിക്കാത്ത വിഷയങ്ങൾ ആ ദിവസത്തെ മിനിറ്റ്സിന്റെ ഭാഗമാക്കേണ്ടതുമാണ്.

കോറം ആകെയുള്ള അംഗങ്ങളുടെ 40 ശതമാനം ആയിരിക്കുന്നതും ഭൂരിപക്ഷാഭിപ്രായത്തിന് പ്രാബല്യം ലഭിക്കുന്നതുമാണ്. ഒരു യോഗത്തിനു കോറമില്ലാതെവന്നാൽ വേറൊരു തീയതി നിശ്ചയിച്ചു അദ്ധ്യക്ഷന്റെ ആജ്ഞാനുസരണം സെക്രട്ടറി മുൻവിഷയങ്ങൾ മാത്രം കാണിച്ചു വീണ്ടും വിജ്ഞാപനം കൊടുക്കേണ്ടതും അങ്ങനെ കൂടുന്ന യോഗത്തിൽ കോറമില്ലെങ്കിലും യോഗം നടത്താവുന്നതുമാണ്. എന്നാൽ കൈസ്ഥാനസമിതിയോഗം കൂടുന്നതിനു മൂന്നു ദിവസത്തെ നോട്ടീസെങ്കിലും കൊടുത്തിരിക്കേണ്ടതാണ്.

## വകുപ്പ് 354 A

അടിയന്തിര സാഹചര്യങ്ങളിൽ മൂന്ന് ദിവസത്തെ നോട്ടീസ് കൂടാതെ, കൈസ്ഥാന സമിതി അംഗങ്ങൾക്കു രേഖാമൂലം അറിയിപ്പ് നൽകിക്കൊണ്ട്, കൈസ്ഥാന സമിതി കൂടാവുന്നതാണ്. അപ്രകാരം കൂടുന്ന കൈസ്ഥാന സമിതിയിൽ പങ്കെടുക്കുന്നവരുടെ ഹാജർ രേഖപ്പെടുത്തി ഒപ്പിടുവിക്കേണ്ടതാണ്.

## വകുപ്പ് 354 B

കൈസ്ഥാന സമിതിയുടെ യോഗത്തിൽ കാര്യപരിപാടി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നാൽ പ്രസ്തുത യോഗത്തിന്റെ തുടർയോഗമായി നടത്തുന്നതിന് കൈസ്ഥാന സമിതി മാറ്റി വയ്ക്കാവുന്നതും (adjourn) അപ്രകാരം കൂടുന്ന കൈസ്ഥാന സമിതിയിൽ മുൻ കൈസ്ഥാന സമിതിയുടെ കാര്യപരിപാടിയിൽ അവശേഷിക്കുന്ന കാര്യങ്ങൾ മാത്രം ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതും രണ്ടാമത് കൂടുന്ന ദിവസവും മിനിറ്റ്സ് പാസ്സാക്കേണ്ടതുമാണ്. അപ്രകാരം കൂടുന്ന കൈസ്ഥാന സമിതിയിൽ ആദ്യത്തെ പ്രാവശ്യം ഹാജരാകാതിരുന്ന അംഗങ്ങൾക്ക് നോട്ടീസ് നൽകേണ്ടതാണ്.

## വകുപ്പ് 357

കൈസ്ഥാനസമിതിയുടെ കാര്യനിർവ്വഹണത്തിനു ഉപസമിതികളെ നിയമിക്കുന്നതിനു കൈസ്ഥാനസമിതിക്ക് അധികാരമുണ്ടായിരിക്കും. എന്നാൽ കൈസ്ഥാന സമിതി അംഗങ്ങളിൽനിന്നു തന്നെ അവയുടെ കൺവീനറെ നിയമിക്കേണ്ടതാണ്. പ്രത്യേകമായി കൺവീനറെ നിയമിക്കുന്നില്ലെങ്കിൽ സെക്രട്ടറി കൺവീനറായിരിക്കുന്നതാണ്.

## വകുപ്പ് 360

സ്ഥാവരസ്വത്തുക്കൾ എഴുതിവാങ്ങുന്നതു ഇടവകസംഘത്തിന്റെ നിശ്ചയത്തോടുകൂടി ഇടവകയ്ക്കു വേണ്ടി ഇടവക ട്രസ്റ്റികളുടെ പേരിൽ ആയിരിക്കേണ്ടതാണ്. സ്ഥാവരസ്വത്തുക്കൾ വിൽക്കുകയോ ബാദ്ധ്യതപ്പെടുത്തുകയോ ചെയ്യുന്നതു ഇടവകസംഘത്തിന്റെ നിശ്ചയത്തോടും ഭദ്രാസന എപ്പിസ്കോപ്പായുടെ മുൻകൂട്ടിയുള്ള അനുമതിയോടും കൂടി മാത്രമായിരിക്കേണ്ടതാണ്.

## വകുപ്പ് 363

കൈമുത്ത്, റിശീസാ ആദിയായി പൂർവ്വകാലനടപ്പോ പ്രതിനിധിമണ്ഡലത്തിന്റെ തീരുമാനപ്രകാരം മെത്രാപ്പോലീത്തായുടെ കല്പന അനുസരിച്ച് നടപ്പിൽ ഇരിക്കുന്നവയോ, നടപ്പാക്കേണ്ടിവരുന്നവയോ ആയ പൊതു സഭാ നിത്യച്ചെലവ് മുതലായ സകല ഇനങ്ങളും അപ്പഴപ്പോൾ സഭാ ആഫീസിൽ അയച്ചുകൊടുക്കുന്നതിനും ഇടവക നിത്യച്ചെലവുകൾ അതായത് പട്ടക്കാർ, ഇടവക ജീവനക്കാർ എന്നിവരുടെ ശമ്പളം വക നിശ്ചിത ചെലവുകളും കർമ്മാദികൾ, കത്തിടപാടുകൾ, യാത്ര എന്നിങ്ങനെ അനുവദിക്കപ്പെട്ടിട്ടുള്ള അനിശ്ചിത ചെലവുകളും ട്രസ്റ്റ് ഉടമ്പടിയിൽ വിവരിച്ചിട്ടുള്ള മറ്റു ചെലവുകളും ചെയ്യുന്നതിനും ഇടവകസംഘത്തിന്റെയോ കൈസ്ഥാന സമിതിയുടെയോ അനുവാദം കൂടാതെ തന്നെ മുതൽ ചുമതല ഉള്ള ആളിന് സ്വയമായി ചെയ്യാവുന്നതും ചെയ്യേണ്ടതുമാണ്. എന്നാൽ ശമ്പളംവകയിലോ മറ്റേതെങ്കിലും വിഷയത്തിലോ ഉള്ള ചെലവുകൾ ഭദ്രാസന എപ്പിസ്കോപ്പായുടെയോ മെത്രാപ്പോലീത്തായുടെയോ കല്പന മൂലം നിരോധിക്കപ്പെട്ടാൽ പിന്നീട് അനുവദിച്ചു കല്പനയുണ്ടാകുന്നതുവരെ ചെയ്തുകൂടാത്തതാണ്.

## വകുപ്പ് 365

കുറഞ്ഞപക്ഷം മൂന്നു മാസത്തിലൊരിക്കൽ അതുവരെയുള്ള കണക്കുകൾ തയ്യാറാക്കി ഓഡിറ്റ് ചെയ്ത കണക്ക് കൈസ്ഥാന സമിതി കൂടുമ്പോൾ ഹാജരാക്കേണ്ടതാണ്. വർഷാന്ത്യത്തിൽ ഇടവകസംഘത്തെ കണക്കുകൾ കേൾപ്പിച്ചു ട്രസ്റ്റുടമ്പടിയിൽ വിവരിച്ചിരിക്കുന്ന പ്രകാരം വരവു ചെലവു കണക്കു തയ്യാറാക്കി ഇടവകസംഘം പാസ്സാക്കി വികാരി, സെക്രട്ടറി, കണക്കു ചുമതല വഹിക്കുന്ന ആൾ, മുതൽ ചുമതല വഹിക്കുന്ന ആൾ, രണ്ടു കണക്കു പരിശോധകർ എന്നിവരുടെ ഒപ്പോടുകൂടി ഭദ്രാസന എപ്പിസ്കോപ്പായ്ക്ക് അയയ്ക്കേണ്ടതും, മടക്കിവരുത്തി രേഖാപ്രമാണങ്ങൾ സൂക്ഷിക്കേണ്ടതുമാണ്.

## വകുപ്പ് 366

താഴെ പറയുന്ന രേഖാപ്രമാണങ്ങൾ ഇടവകയിൽ സൂക്ഷിക്കേണ്ടതാണ്.

1. ഇടവക രജിസ്റ്റർ
2. ഇടവകസംഘാംഗത്വ രജിസ്റ്റർ (General Body Members Register)
3. മാമോദീസ രജിസ്റ്റർ
4. വിളിച്ചുചൊല്ലു രജിസ്റ്റർ
5. വിവാഹ സമ്മത രജിസ്റ്റർ
6. വിവാഹ രജിസ്റ്റർ
7. പിറന്നാൾ രജിസ്റ്റർ
8. ശവസംസ്കാര രജിസ്റ്റർ
9. ശുശ്രൂഷാ രജിസ്റ്റർ
10. ആസ്തിബാദ്ധ്യത കാണിക്കുന്ന പുസ്തകം
11. നാൾവഴി
12. പേരേട്
13. സ്ഥാവര ജംഗമങ്ങളുടെ പട്ടിക

13A. കല്ലറ രജിസ്റ്റർ

14. ഇടവകസംഘ മിനിറ്റ്സ് ബുക്ക്
15. കൈസ്ഥാന സമിതി മിനിറ്റ്സ് ബുക്ക്
16. എഴുത്തുകുത്തു പകർപ്പ്
17. കല്പനകൾ, എഴുത്തുകൾ ഇവയുടെ ഫയൽ.

ഇവയിൽ 1 മുതൽ 9 വരെ റിക്കാർഡുകൾ വികാരിയുടെയും

10 മുതൽ 13A വരെ ട്രസ്റ്റികളുടെയും, 14 മുതൽ 17 വരെ സെക്രട്ടറിയുടെയും സൂക്ഷിപ്പിൽ ഇരിക്കേണ്ടതാണ്.
(10, 13 എന്നീ രജിസ്റ്ററുകൾ വർഷംതോറും പുതുക്കിയിരിക്കേണ്ടതാണ്)

## വകുപ്പ് 366 A

ആസ്തി ബാധ്യത കാണിക്കുന്ന രജിസ്റ്ററിൽ ഇടവകയുടെ വസ്തുക്കളുടെ ആധാരങ്ങൾ, കരം അടച്ച രസീതുകൾ മുതലായ ഔദ്യോഗിക വിവരങ്ങൾ ചേർത്തിരിക്കേണ്ടതാണ്. ആധാരങ്ങൾ, സ്ഥിരമായി സൂക്ഷിക്കേണ്ട മറ്റു രേഖകൾ എന്നിവ ഡിജിറ്റൈസ് ചെയ്തും സൂക്ഷിക്കേണ്ടതും ഈ രേഖകൾ അതത് വർഷം ഓഡിറ്റിംഗിനു വിധേയമാക്കേണ്ടതുമാണ്.

## വകുപ്പ് 369

ക്രൈസ്തവ വിവാഹബന്ധം മരണത്തോളം നീണ്ടുനിൽക്കുന്ന അതിപാവനമായ ഒരു ബന്ധമാണെന്നും, ദമ്പതികൾ എന്നുള്ള നിലയ്ക്കു നിർവ്വഹിക്കേണ്ട ചുമതലകൾ ശരിയായി നിർവ്വഹിക്കുന്നതിനു ദൈവത്തിന്റെ കൃപ അത്യന്താപേക്ഷിതമാണെന്നും, വിവാഹത്തിനു മുമ്പായി വിവാഹാർത്ഥികളെ ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതു പട്ടക്കാരുടെ ചുമതല ആകുന്നു.

ഭദ്രാസനാദ്ധ്യക്ഷന്മാരുടെ നിർദ്ദേശാനുസരണം സെന്റർ തലത്തിലും ഇടവക തലത്തിലും വിവാഹാർത്ഥികൾക്ക് വേണ്ടി ക്ലാസ്സുകൾ ക്രമീകരിക്കുന്നത് പട്ടക്കാരുടെ ചുമതലയാണ്. ഇപ്രകാരം ക്രമീകരിക്കുന്ന ക്ലാസ്സുകൾ, വിവാഹാർത്ഥികൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. ആയത് വികാരിമാർ ഉറപ്പു വരുത്തേണ്ടതുമാണ്.

## വകുപ്പ് 375 B

മൂന്നാംപള്ളി എന്ന വിവക്ഷയിൽ ഇതര സഭകളുടെ ആരാധനാലയങ്ങളും ഉൾപ്പെടുന്നു. അപ്രകാരം ഉപയോഗിക്കേണ്ടിവന്നാൽ മെത്രാപ്പോലീത്തായുടെയോ ബന്ധപ്പെട്ട ഭദ്രാസന എപ്പിസ്കോപ്പായുടെയോ അനുമതിയോടെ മാത്രം ആയിരിക്കേണ്ടതാണ്.

## വകുപ്പ് 377 (3)

വിളിച്ചു ചൊല്ല് രണ്ടു ഞായറാഴ്ചകളിൽ (ആഴ്ചയിലെ ആരാധന ദിവസം) നടത്തേണ്ടതാണ്.

**അനുബന്ധം**

**<u>വകുപ്പ് 205 പ്രകാരം ഭദ്രാസന/സോണൽ ട്രഷറാർ എഴുതി നൽകേണ്ട സമ്മതപത്രം.</u>**

മലങ്കര മാർത്തോമ്മാ സഭയുടെ .......................... ഭദ്രാസന എപ്പിസ്കോപ്പാ മുമ്പാകെ ഭദ്രാസന/സോണൽ അസംബ്ലി ട്രഷറാറായി തെരഞ്ഞെടുക്കപ്പെട്ട .............. ഇടവകയിൽ ........... വീട്ടിൽ ............ മകൻ/മകൾ ........... വയസ്സുള്ള .............. എഴുതിനൽകുന്ന സമ്മതപത്രം.

........... തീയതിയിൽ നിയമാനുസരണം വിളിച്ചുചേർത്ത ഭദ്രാസന/സോണൽ അസംബ്ലി സഭാഭരണഘടന 205-ാം വകുപ്പ് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ............. കാലാവധിയിലെ ഭദ്രാസനത്തിൽ/ സോണൽ അസംബ്ലിയിൽ ട്രഷറാറായ ഞാൻ സഭയുടെ വിശ്വാസം, ഉപദേശം, ആചാരം, നടപ്പ് ഇവയ്ക്ക് വിധേയമായി ഭദ്രാസനത്തിലെ/സോണലിലെ ജനങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗമന പദ്ധതികൾ നടത്തുന്നതിനും ആത്മീയ ജീവിത വർദ്ധനവിനും സുവിശേഷ പരമായ പ്രവർത്തന പുരോഗതിക്കും ഭദ്രാസന/ സോണൽ അംസബ്ലി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്ന പ്രക്രിയയിൽ പങ്കാളിത്തം വഹിക്കുന്നതിന് പ്രതിജ്ഞാബദ്ധനാണ്. ഭദ്രാസനം/സോണൽ വകയായുള്ള എല്ലാ വരുമാനങ്ങളും അതത് സമയങ്ങളിൽ രസീത് നൽകി വസൂലാക്കി എടുക്കുകയും കാലതാമസം കൂടാതെ അവ ഭദ്രാസനത്തിന്റെ/ സോണലിന്റെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും ഭദ്രാസന/സോണൽ അസംബ്ലി അംഗീകരിക്കുന്ന ബഡ്ജറ്റിൻ പ്രകാരം ഭദ്രാസന/സോണൽ കൗൺസിൽ അനുമതി നൽകുന്ന എല്ലാ പദ്ധതികളുടെയും ചെലവുകൾ ഭദ്രാസന എപ്പിസ്കോപ്പായുടെ നിർദ്ദേശപ്രകാരം സമയബന്ധിതമായി ആദായനികുതി നിയമത്തിനും ജി.എസ്.ടി. നിയമത്തിനും വിധേയമായി നടപ്പാക്കുകയും ഭദ്രാസനത്തിന്റെ/ സോണലിന്റെ വകയായുള്ള സ്ഥാവരജംഗമ വസ്തുക്കളിലെ ആദായം എടുപ്പിച്ച് ഭദ്രാസന/സോണൽ വകയായുള്ള ബാങ്ക് അക്കൗണ്ടിൽ മുതൽ കൂട്ടിയും ഭദ്രാസന/സോണൽ ജീവനക്കാരുടെയും സുവിശേഷകരുടെയും ശമ്പളം മുതലായ വകകൾ അതാത് സമയത്ത് നൽകിയും ഇടവകകളിൽ നിന്നും ലഭിക്കുന്ന വാർഷിക കണക്കുകളും ആദായനികുതി നിയമപ്രകാരമുള്ള സർട്ടിഫിക്കറ്റുകളും നിശ്ചിത സമയത്തിനുള്ളിൽ ക്രോഡീകരിച്ച് ഭദ്രാസനത്തിന്റെ/സോണലിന്റെ വരവ്-ചെലവ് കണക്കിൽ ഉൾപ്പെടുത്തി കണക്ക് തയ്യാറാക്കുകയും ആയത് മാർത്തോമ്മാ സഭാ ഓഫീസിലേക്ക് അയച്ചുകൊടുത്തും ഇവയെല്ലാം ഭദ്രാസനത്തിന്റെ/സോണലിന്റെ വരവ്-ചെലവ് കണക്കിൽ ചേർത്ത് സൂക്ഷിക്കുകയും ഓഡിറ്റിന് വിധേയമായി ഭദ്രാസന/സോണൽ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിന് സജ്ജമാക്കിയും ഭദ്രാസനത്തിന്റെ/സോണലിന്റെ അടുത്ത വർഷത്തേക്കുള്ള ഒരു ബഡ്ജറ്റ് അസംബ്ലി യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തുകൊള്ളാമെന്ന് ഇതിനാൽ വാഗ്ദാനം ചെയ്യുന്നു.

മേൽപ്പറഞ്ഞ ഏതെങ്കിലും കാര്യങ്ങൾക്ക് ഭദ്രാസന എപ്പിസ്കോപ്പായുടെയോ ഭദ്രാസന/ സോണൽ കൗൺസിലിന്റെയോ നിർദ്ദേശങ്ങൾക്ക് വിപരീതമായി എന്തെങ്കിലും പ്രവർത്തിച്ചു എന്ന് തെളിഞ്ഞാൽ എന്റെ മേൽ യോഗ്യമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും ഭദ്രാസനത്തിന്/ സോണലിന് ഉണ്ടായ നഷ്ടം എന്നിൽ നിന്നും ലഭിക്കേണ്ടതായി കണ്ടാൽ അത് ഈടാക്കി എടുക്കുന്നതിനും ഭദ്രാസനത്തിന്/സോണലിന് അധികാരം ഉണ്ടായിരിക്കും എന്ന് ഇതിനാൽ സമ്മതിക്കുന്നു.

ഇപ്രകാരം സമ്മതിച്ച് എഴുതിക്കൊടുത്ത

ട്രഷറാർ : ശ്രീ/ശ്രീമതി.

സാക്ഷികൾ

1.

2.

| **മലങ്കര മാർത്തോമ്മാ സുറിയാനി സഭ<br>എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് പട്ടക്കാരുടെ<br>പേരുകൾ നിർദ്ദേശിക്കുന്നതിനുള്ള<br>ഫോറം -A(9)** | |
|---|---|
| 1. നിർദ്ദേശിതന്റെ പേര്, മേൽവിലാസം | |
| 2. മാതൃ ഇടവക | |
| 3. നിർദ്ദേശിതൻ ഇപ്പോൾ നിർവ്വഹിക്കുന്ന ചുമതല/ സ്ഥലം | |
| നിർദ്ദേശകന്റെ / നിർദ്ദേശകയുടെ പേരും ഒപ്പും<br>മേൽവിലാസം:<br>ഇടവക,<br>ഫോൺ നമ്പർ,<br>Email:<br>NB: നിർദ്ദേശകൻ/നിർദ്ദേശക ഇടവകാംഗത്വം തെളിയിക്കുന്നതിനുള്ള ഇടവക വികാരിയുടെ കത്തും ഇതോടൊപ്പം ഹാജരാക്കേണ്ടതാണ്. | |

***(അംഗീകരിക്കപ്പെട്ട ഭരണഘടന ഭേദഗതികൾക്ക് മണ്ഡല തീരുമാനപ്രകാരം ഭാഷാശുദ്ധി, വാക്കുകളുടെ സ്ഥിരത, ലിംഗഭേദം കൂടാതെയുള്ള പ്രയോഗങ്ങൾ എന്നിവ വരുത്തിയിട്ടുള്ളതാണ്).***